NOVEMBER 2024
Volume 57
Issue 2

10 രത്തൻ ടാറ്റയ്ക്കുശേഷം ടാറ്റയുടെ ഭാവി?

42 ആയിരം കോടിയുടെ വിറ്റുവരവ് ലക്ഷ്യമിട്ട് കെൽട്രോൺ

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

Colour Your Imaginations




**Our Services ;**

| | | |
|---|---|---|
| Brouchure | Banners | Booklets |
| Menu Card | Catalogue | ID Cards |
| Pamphlet | Letter Heads | Flyers |
| Business Cards | Posters | And more.., |

dora

**DIGITAl PRINTING PRESS**


2nd Floor, Land World Center, S. M Street, Calicut-1 | Mob: 8086100093, 8086100082

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

നവംബർ 2024 | പുസ്തകം 57 | ലക്കം 2
NOVEMBER 2024 | Volume 57 | Issue 2

**06**
10 കുടുംബങ്ങൾക്ക് തൊഴിൽ നൽകി ഒരു ഗൾഫുകാരന്റെ മാതൃകാ ബിസിനസ്
റ്റി. എസ്. ചന്ദ്രൻ

**10**
രത്തൻ ടാറ്റയ്ക്കുശേഷം ടാറ്റയുടെ ഭാവി?
ആഷിക്ക്. കെ. പി

**16**
അലുമിനിയം ഫോയിൽ കണ്ടെയ്നർ നിർമ്മാണം
ബൈജു നെടുങ്കേരി

**19**
പ്രകൃതിദത്ത റബ്ബർ പ്ലാസ്റ്റിക്കിന് ബദൽ
എഴുമാവിൽ രവീന്ദ്രനാഥ്

**22**
വില കേട്ട് ഞെട്ടേണ്ട! ഇത് വിലയിലെ കളികൾ
ഡോ. സുധീർ ബാബു

**26**
ബീ ക്രാഫ്റ്റ് ഹണി മ്യൂസിയം: വയനാടിന് ടൂറിസം മേഖലയിലെ മധുരം

**28**
കേരളം പുതുചരിത്രം സൃഷ്ടിച്ചു
ജി. കൃഷ്ണപിള്ള

**36**
അർദ്ധ വാർഷിക വിലയിരുത്തൽ

**38**
ബിസിനസ് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ
ലോറൻസ് മാത്യു

**42**
ആയിരം കോടിയുടെ വിറ്റുവരവ് ലക്ഷ്യമിട്ട് കെൽട്രോൺ
മനോജ് മാതിരപ്പള്ളി

**48**
സംരംഭകർ നേരിടുന്ന നഷ്ട സാധ്യതകൾ
ഡോ. ശചീന്ദ്രൻ. വി



# മുഖക്കുറിപ്പ്

**ശ്രീ. മിർ മുഹമ്മദ് അലി** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

# പ്ലാന്റേഷൻ മേഖലയുടെ പുരോഗതിക്കായി പുതിയ നയം

പ്ലാന്റേഷൻ മേഖലയുടെ വൈവിധ്യവൽക്കരണവും നവീകരണവും സംബന്ധിച്ച് സമഗ്ര നയം നടപ്പിലാക്കാൻ ഒരുങ്ങി സംസ്ഥാന വ്യവസായ വകുപ്പ്. പ്ലാന്റേഷൻ മേഖലയുടെ വൈവിധ്യവൽക്കരണത്തെക്കുറിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് കോഴിക്കോട് (ഐഐഎം കെ) സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ നയം നടപ്പിലാക്കുക. മേഖലയുടെ സമഗ്ര പുരോഗതിക്ക് റിപ്പോർട്ട് വഴിയൊരുക്കും.

ഇന്ത്യയിലെ ആദ്യ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ച കേരളം പ്ലാന്റേഷൻ മേഖലയെ കുറിച്ചുള്ള സമഗ്ര പഠനം നടത്തുന്നതിനായി ഐഐഎംകെ യുമായി ധാരണപത്രം ഒപ്പുവച്ചിരുന്നു. പ്ലാന്റേഷൻ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ പ്ലാന്റേഷൻ ഡയറക്ടറേറ്റ് നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഭാഗമായാണ് ഡയറക്ടറേറ്റുമായി സഹകരിച്ച് ഐഐഎംകെ പഠനം നടത്തിയതും റിപ്പോർട്ട് അവതരിപ്പിച്ചതും.

കുറഞ്ഞത് പത്തുവർഷമെങ്കിലും ആയുർദൈർഘ്യമുള്ള വിളകളാണ് പ്ലാന്റേഷൻ ഭൂമിയിൽ കൃഷി ചെയ്യേണ്ടത്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തോട്ടം ഉടമയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാകും. വന്യമൃഗങ്ങളിൽ നിന്നുള്ള വിള സംരക്ഷണത്തിനായി കൃഷിഭൂമിയിൽ ബഫർ സോൺ സ്ഥാപിക്കണം. ടൂറിസം മേഖലയെ ബാധിക്കാത്ത വിധം ആകണം പ്ലാന്റേഷൻ മേഖലയുടെ നവീകരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കേണ്ടത്. ടൂറിസം മേഖലയിൽ പ്ലാന്റേഷന്റെ 5% ഭൂമി പ്രയോജനപ്പെടുത്തുമ്പോൾ ഒരു അംഗീകൃത മാസ്റ്റർ പ്ലാൻ ആവശ്യമാണ്. ഇതിനെല്ലാം ഒരു ഏകജാലക ക്ലിയറൻസ് സംവിധാനം തോട്ടം മേഖലയിൽ കൊണ്ടുവരും.

സാമ്പത്തിക സാമൂഹിക സുസ്ഥിരത കൈവരിക്കുന്നതിനായി തോട്ടമേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് വെളിച്ചം വീശുന്നതാണ് 69 പേജ് ഉള്ള റിപ്പോർട്ട് ഒന്നിലധികം വിളകൾ പ്ലാന്റേഷൻ ഭൂമിയിൽ കൃഷി ചെയ്യുന്നതിലൂടെ തോട്ടം മേഖല ലാഭകരമാക്കാൻ ആണെന്നും പുതിയ വിപണി കണ്ടെത്താം എന്നും പരിസ്ഥിതി സംരക്ഷണത്തിലൂന്നി മുന്നോട്ടുപോകാമെന്നും പഠന റിപ്പോർട്ടിൽ പറയുന്നു.

പ്ലാന്റേഷൻ മേഖല ലാഭകരമാക്കുന്നതിനൊപ്പം തൊഴിലാളികളുടെ വേതനം ഉൾപ്പെടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ആകണം. ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

2024 നവംബർ 17ന് തിരുവനന്തപുരം ഹോട്ടൽ ഹിൽട്ടണിൽ പഠന റിപ്പോർട്ട് അവതരണത്തിന്റെ ഉദ്ഘാടനം ബഹു നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ പി രാജീവ് നിർവഹിച്ചു. തോട്ടം ഉടമകൾ ഈ മേഖലയിൽ കൂടുതൽ നിക്ഷേപം നടത്താൻ തയ്യാറാകണമെന്നും, റിപ്പോർട്ടിലെ സാധ്യത ഉപയോഗപ്പെടുത്തിയാൽ വലിയ തോതിലുള്ള നിക്ഷേപമാണ് തോട്ടമേഖലയിൽ ഉണ്ടാകാൻ പോകുന്നതെന്നും, ഏറ്റവും കൂടുതൽ പ്ലാന്റേഷൻ ഭൂമിയുള്ള കേരളത്തിൽ പ്ലാന്റേഷൻ ഭൂമി അതേപടി നിലനിർത്തിക്കൊണ്ടുള്ള വൈവിധ്യവൽക്കരണമാണ് നടപ്പിലാക്കേണ്ടതെന്നും മന്ത്രി അഭിപ്രായപ്പെട്ടു. കാർഷിക രീതികളിലും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും മാറ്റം കൊണ്ടുവരുന്നതിലൂടെ തോട്ടം മേഖലയെ ശക്തിപ്പെടുത്താനാകുമെന്നും ഇതിനായി വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനം അത്യന്താപേക്ഷിതമാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി പി എ മുഹമ്മദ് ഹനീഷ് ചടങ്ങിൽ പ്രതിപാദിച്ചു.

ഐഐ എംകെ പ്രതിനിധികളായ പ്രൊഫസർ വെങ്കിട്ടരാമൻ എസ് പ്രൊഫസർ അശോഷ് സർക്കാർ എന്നിവർ അവതരിപ്പിച്ച പഠന റിപ്പോർട്ടിൽ കേരളത്തിലെ തോട്ട മേഖലയെ നവീകരിക്കാനുള്ള നിർദ്ദേശങ്ങളും തോട്ടമേഖലയിൽ മൂല്യവർദ്ധനവും വൈവിധ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർതലത്തിൽ സ്വീകരിക്കേണ്ട നിരവധി നയരൂപീകരണങ്ങളെക്കുറിച്ചും ശുപാർശ ചെയ്തിട്ടുണ്ട്.

ഒപ്പ്
**ചീഫ് എഡിറ്റർ**

**ചീഫ് എഡിറ്റർ**
**ശ്രീ. മിർ മുഹമ്മദ് അലി** ഐ.എ.എസ്
ഡയറക്ടർ
വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബിജു പി.ബി.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
https://vyavasayakeralam.industry.kerala.gov.in
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
മോഹൻകുമാർ എം.എസ്.,
സാജൻ പി.സി.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഡോണാമോൾ ഈനാസ്,
അരുൺ എസ്.,
ബേബി. വൈ.,
രാമകൃഷ്ണൻ എഴുത്തച്ചൻ

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.



നവകേരളം

**ശ്രീ. പി. രാജീവ്**

വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# കുതിപ്പ് തുടർന്ന് കേരളം

നവംബറിൽ, ഒരു മാസത്തിനുള്ളിൽ കേരളത്തിലെത്തിയ ആഗോള ഭീമൻമാരായ കമ്പനികളും കേരളത്തിൽ തന്നെ പിറവികൊണ്ട് ഉയർന്നു വന്ന സംരംഭങ്ങളും നമ്മുടെ സംസ്ഥാനത്തിന്റെ മാറിയ വ്യവസായ ചിത്രം വ്യക്തമാക്കുന്നുണ്ട്. ആഗോള പ്രശസ്തമായ കമ്പനികളുടെ ഇന്ത്യയിലെ ആദ്യ ഡെസ്റ്റിനേഷനായി കേരളം മാറി കഴിഞ്ഞിരിക്കുന്നു. 2022 ൽ 100 പേരുമായി കൊച്ചിയിൽ പ്രവർത്തനം തുടങ്ങിയ ഐ.ബി.എം അവരുടെ ജെനറേറ്റീവ് എ.ഐ ഇന്നവേഷൻ സെന്ററും ഏതാനും ദിവസങ്ങൾക്ക് മുൻപ് ഇവിടെയാണ് തുടങ്ങിയത്. പ്രവർത്തനം തുടങ്ങി രണ്ട് വർഷത്തിനുള്ളിൽ ഐ.ബി.എം കൊച്ചി ലാബിലെ ജീവനക്കാരുടെ എണ്ണം 2500 ആയി ഉയർന്നു. ഓയിൽ ആന്റ് ഗ്യാസ് രംഗത്തെ ഏറ്റവും വലിയ സാങ്കേതിക വിദ്യാദാതാക്കളായ അമേരിക്കൻ കമ്പനി എൻ.ഒ.വി (NOV) യുടെ ഇന്ത്യയിലെ ആദ്യ ഗ്ലോബൽ കെയ്പ്പബിലിറ്റി സെന്ററും നവംബറിൽ കേരളത്തിൽ പ്രവർത്തനം തുടങ്ങി. 52 രാജ്യങ്ങളിലായി 32000 ലധികം പേർക്ക് തൊഴിൽ നൽകുന്ന ഈ അമേരിക്കൻ കമ്പനി ഇന്ത്യയൊട്ടാകെയുള്ള വിവിധ കേന്ദ്രങ്ങൾ പരിശോധിച്ചശേഷമാണ് കേരളം തെരഞ്ഞെടുത്തത്. ജർമ്മനി ആസ്ഥാനമായുള്ള ആഗോള ഐടി സേവന ദാതാക്കളായ അഡെസ്സോ അവരുടെ ഇന്ത്യൻ കോർപ്പറേറ്റ് ഓഫീസ് കൊച്ചിയിൽ ആരംഭിച്ചു. ഇതോടനുബന്ധിച്ച് കമ്പനി സി ഇ ഒ മാർക്ക് ലോവെബർ പറഞ്ഞ വാക്കുകളും ശ്രദ്ധേയമാണ്. ഏറ്റവും മികച്ച ഇക്കോസിസ്റ്റം, പ്രതിഭകളുടെ ലഭ്യത, ഏറ്റവും മികച്ച കണക്റ്റിവിറ്റി സൗകര്യങ്ങൾ, ഓഫീസ് ലഭ്യത തുടങ്ങി ഒരു ഹൈടെക് വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ മാനദണ്ഡങ്ങളിലും നമുക്ക് ഉയർന്ന മാർക്കാണ് ലോവെബർ നൽകുന്നത്. തിരുവനന്തപുരം തോന്നയ്ക്കൽ ബയോ 360 ലൈഫ് സയൻസ് പാർക്കിൽ ഒറ്റ ദിവസം 8 കമ്പനികൾ പ്രവർത്തനം തുടങ്ങിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകളുടെ എണ്ണം 31 ലേക്ക് കുതിച്ചെത്തി. വ്യവസായ പാർക്കുകൾക്കായി ഫിക്കി ദേശീയ തലത്തിൽ ഏർപ്പെടുത്തിയ സ്വച്ഛ് ഇൻഡസ്ട്രി പാർക്ക് പുരസ്കാരങ്ങളിൽ സസ്റ്റെയിനബിലിറ്റി ചാമ്പ്യൻ അവാർഡ് കിൻഫ്രക്ക് ലഭിച്ചതും കഴിഞ്ഞ മാസം തന്നെ.

നവംബറിലെ മാത്രം കഥയല്ലിത്. ഈ സർക്കാർ ചുമതലയേറ്റ ശേഷം കേരളത്തിലെത്തിയ ബഹുരാഷ്ട്ര കമ്പനികൾ ഒട്ടേറെയുണ്ട്. വെൻഷ്വർ, സ്ട്രാഡ, ആസ്കോ, എച്ച്.സി.എൽ ടെക്, ട്രാസ്ന, ഡിസ്പേസ്, സഫ്റാൻ, ടോറസ് തുടങ്ങിയവർ അവരിൽ ചിലർ മാത്രം. വ്യവസായ രംഗത്തെ ഈ അതിവേഗ പരിണാമത്തിന്റെ ഗതിവേഗം വർധിപ്പിക്കുന്നതാവും ഫെബ്രുവരിയിൽ നടക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമം. നിക്ഷേപ സൗഹൃദ റാങ്കിംഗിൽ ടോപ്പ് അച്ചീവർ പദവിയോടെ ഒന്നാം സ്ഥാനത്തെത്തിയതു മുതൽ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി കേരളത്തിന്റെ സംരംഭക വർഷം പദ്ധതി തെരഞ്ഞെടുക്കപ്പെട്ടതുവരെയുള്ള സമാനതകളില്ലാത്ത നേട്ടങ്ങൾ നൽകിയ കരുത്തോടെ ഈ കുതിപ്പ് തുടരാനാകുന്ന നാളുകളാണ് നമ്മുടെ മുന്നിലുള്ളത്. ■



# വരുന്നു–കേരളത്തിൽ പഞ്ചായത്തുകൾ തോറും സംരംഭക സഭകൾ

ടി എസ് ചന്ദ്രൻ

കഴിഞ്ഞ രണ്ടു വർഷങ്ങളായി സംസ്ഥാന സർക്കാർ സ്വീകരിച്ച വ്യവസായ വ്യാപന പ്രവർത്തനങ്ങളുടെ തുടർച്ചയായി സംരംഭക സഭകൾ എന്ന ആശയം അവതരിപ്പിക്കുകയാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ഒന്നാം റാങ്കിൽ എത്തിയിരിക്കുകയാണ് കേരളം. സർക്കാർ നടപ്പിലാക്കി സംരംഭം പ്രോത്സാഹന പദ്ധതികൾ എല്ലാം തന്നെ തുടർന്നു പോകുകയാണ്. 2022–23 ൽ തുടക്കമിട്ട സംരംഭക വർഷം

വലിയ വിജയമായിരുന്നു.ലക്ഷ്യം കവിഞ്ഞ നേട്ടമാണ് ആദ്യവർഷം തന്നെ ഉണ്ടായത്. അതിനുശേഷം കഴിഞ്ഞവർഷം സംരംഭക വർഷം 3.0 ആചരിച്ചു.അതിൻറെ ഭാഗമായുള്ള മിഷൻ 1000 എന്ന പദ്ധതി വളരെ വിജയകരമായി നടപ്പാക്കിക്കൊണ്ട് മുന്നോട്ടു പോവുകയാണ്. രണ്ടാം വർഷവും മികച്ച വിജയം സമ്മാനിച്ചു.

2024– 25 സംരംഭക വർഷം 3.0 യുടെ ഭാഗം ആയിട്ടാണ് സംരംഭക സഭകൾ ആഘോഷിക്കുന്നത്. അതിൻറെ ഭാഗമായി വ്യവസായ രംഗത്തേക്ക് സംരംഭകരുടെ സജീവമായ ഇടപെടൽ ലക്ഷ്യം വെച്ചുകൊണ്ടാണ് ഇത്. ഈ സഭകൾ വരും മാസങ്ങളിൽ കേരളത്തിൽ എമ്പാടും നടക്കും.

## സംരംഭക സഭയുടെ ഉദ്ദേശലക്ഷ്യങ്ങൾ

സംരംഭകരുടെ കൂട്ടായ്മ ഉണ്ടാക്കുക, വിവിധ വകുപ്പുകളുടെ ഏകോപനം




നടത്തുക, ലൈസൻസ്, സബ്സിഡി, ഇൻഷുറൻസ്, തുടങ്ങിയ കാര്യങ്ങളിൽ കൈത്താങ്ങ് സഹായം ഉറപ്പുവരുത്തുക, സംരംഭകരുടെ പ്രാദേശികമായിട്ടുള്ള ആവശ്യങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ ഉണ്ടാക്കുക, സർക്കാർ പോളിസിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഗവൺമെൻറിൽ സമർപ്പിക്കുക, പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പദ്ധതികൾ ഏകോപിപ്പിക്കുക,സംരംഭകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരിക, സർവ്വോപരി സംരംഭകരും ഗവൺമെന്റ് വകുപ്പുകളുമായി നല്ല കോർഡിനേഷൻ ഉണ്ടാക്കുക എന്നിവയാണ് സംരംഭക സഭയുടെ ഉദ്ദേശങ്ങൾ. സംരംഭ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിന് സംരംഭസഭകൾ ഉപയോഗപ്പെടുത്താനാവും.

## ജില്ലാതലത്തിലും പ്രാദേശിക തലത്തിലും കമ്മറ്റികൾ.

സംരംഭക സഭയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കൃത്യമായി നടത്തുന്നതിനും വേണ്ടി ജില്ലാതലത്തിൽ ഉപദേശക സമിതിയും, ഏകോപന കമ്മിറ്റികളും കൊണ്ടുവരും. ജില്ലാതല ഉപദേശക സമിതിയുടെ അധ്യക്ഷൻ ജില്ലയുടെ ചുമതലയുള്ള മന്ത്രിയും കൺവീനർ ജില്ലാ കളക്ടറും ആയിരിക്കും. ജില്ലയിലെ നിയമസഭാ സാമാജികർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ,ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ ഉൾപ്പെടെയുള്ള ആളുകൾ അംഗങ്ങളാണ്.

അതുപോലെ ജില്ലാതലത്തിൽ ഏകോപന കമ്മിറ്റിയും ഉണ്ട്. ഇതിന്റെ അധ്യക്ഷൻ ജില്ലാ കളക്ടറും കൺവീനർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും ആയിരിക്കും. ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ, സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്റ്റർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ, ലീഡ് ഡിസ്ട്രിക്ട് മാനേജർ എന്നിവർ ജില്ലാതല ഏകോപന കമ്മറ്റിയുടെ അംഗങ്ങൾ ആയിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മികച്ചതാക്കു












ന്നതിനും മോണിറ്ററിംഗ് കമ്മിറ്റിയും ഉണ്ട്. ഈ കമ്മിറ്റിയുടെ അധ്യക്ഷൻ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷനായിക്കും. കൺവീനർ ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസറും, ധനകാര്യ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, സിഡിഎസ് ചെയർപേഴ്സൺ, എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് ഓഫീസർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രദേശത്തുള്ള ലീഡ് ബാങ്കിന്റെ പ്രതിനിധി, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തിക്കുന്ന സഹകരണ ബാങ്ക് പ്രതിനിധി, കമ്മറ്റിയുടെ പ്രവർത്തനത്തിന് അഭികാമ്യമായ നോമിനേറ്റ് ചെയ്യുന്ന മറ്റ് അംഗങ്ങൾ,സാങ്കേതിക വിദഗ്ധർ ഉൾപ്പെടെയുള്ളവർ ഈ കമ്മിറ്റിയിൽ ഉണ്ടാകും. കൃത്യമായി സംരംഭക സഭകൾ നടത്തുകയും അതിൻറെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുകയും അതിലെ നിർദ്ദേശങ്ങൾ ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഇത്തരം സമിതികളുടെ ചുമതല.

## സംരംഭകർ ഉപയോഗപ്പെടുത്തണം സംരംഭക സഭകളെ

സംരംഭക സഭകൾ കേരളത്തെ സംബന്ധിച്ച് ഒരു പുതിയ കാഴ്ചപ്പാടാണ്. സംരംഭക സഭകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രദേശത്തെ സംരംഭകരുടെ സജീവമായ ഇടപെടൽ ആവശ്യമാണ്. സംരംഭകരുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ഇത്തരം കൂട്ടായ്മകൾ ഗുണം ചെയ്യും. പ്രത്യേകിച്ച് കേരളത്തിന്റെ പ്രാദേശികമായിട്ടുള്ള തലങ്ങളിൽ. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ പ്രാദേശിക തലത്തിൽ തന്നെ പരിഹരിക്കുന്നതിനും അതിന് സർക്കാർ സംവിധാനത്തെ ഉപയോഗപ്പെടുത്തുന്നതിനും സംരംഭക സഭകൾക്ക് സാധിക്കും. എല്ലാ സംരംഭകരും പങ്കാളികളായി കൊണ്ട് അവരുടെ സംരംഭത്തിന്റെ പുരോഗതിക്ക് നിലകൊള്ളുക എന്നുള്ളതാണ് പ്രധാനം. സംരംഭകർ ഒറ്റപ്പെട്ടുപോകുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. അവരുടെ പൊതുവായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ഉതകുന്ന കൂട്ടായ്മകൾ ആണ് സംരംഭക സഭകൾ. വരും മാസത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക സഭകൾ വിളിച്ചു ചേർക്കണം എന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറത്തിറങ്ങിയത് 2024 സെപ്റ്റംബർ 27-ാം തീയതിയാണ്.

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിലെ**
**മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ**




# 3 കിടിലൻ മാർക്കറ്റിംഗ് തന്ത്രങ്ങൾ

ഡോ. സുധീർ ബാബു

## പീക്ക് എൻഡ് റൂൾ (Peak - End Rule)

നിങ്ങൾ കുടുംബത്തോടൊപ്പം സിനിമയ്ക്ക് പോകുന്നു. നല്ല ചിത്രം. നിങ്ങളും കുടുംബവും ചിത്രം ആസ്വദിക്കുന്നു. എന്നാൽ സിനിമയുടെ ക്ലൈമാക്സ് പ്രതീക്ഷക്കൊത്ത് ഉയർന്നില്ല. ക്ലൈമാക്സ് നിങ്ങളെ തീർത്തും നിരാശപ്പെടുത്തുന്നു. ചിത്രത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എന്തായിരിക്കും? മികച്ച ക്ലൈമാക്സ് സിനിമയ്ക്ക് മികച്ച അഭിപ്രായം നൽകുന്നു എന്നാൽ മോശം ക്ലൈമാക്സ് നേരെ തിരിച്ചും. അനുഭവത്തിന്റെ

ഉത്തുംഗത്തിൽ (Peak) ആണ് ഓരോ വ്യക്തിയും അവരുടെ അഭിപ്രായം രൂപീകരിക്കുന്നത്.

നിങ്ങൾ കുടുംബവുമായി റസ്റ്റോറൻറിൽ ഭക്ഷണം കഴിക്കുന്നു. നല്ല അന്തരീക്ഷം, സൗഹൃദത്തോടെയുള്ള പെരുമാറ്റം, സ്വാദിഷ്ഠമായ ഭക്ഷണം. നിങ്ങൾ ആസ്വദിച്ചു കഴിക്കുന്നു. ഭക്ഷണം കഴിച്ചു തീരുന്ന വേളയിൽ റസ്റ്റോറൻറ് ഷെഫ് നിങ്ങളുടെ മേശക്കരികിലേക്ക് നടന്നു വരുന്നു. അദ്ദേഹത്തിന്റെ കയ്യിൽ നിങ്ങൾക്കുള്ള ഐസ്ക്രീമാണ്. ഷെഫ് മനോഹരമായ ചിരിയോടെ ആ ഐസ്ക്രീമിന്റെ പ്രത്യേകത നിങ്ങൾക്ക് വിവരിച്ചു നൽകുന്നു അതിനുശേഷം തികച്ചും സൗജന്യമായി ആ ഐസ്ക്രീം നിങ്ങൾക്കും കുടുംബത്തിനുമായി നൽകുന്നു. നിങ്ങൾ ഒട്ടും പ്രതീക്ഷിക്കാത്ത അനുഭവം. എന്തായിരിക്കും നിങ്ങൾക്ക് ആ റസ്റ്റോറന്റിനെക്കുറിച്ചുള്ള അഭിപ്രായം?

സിനിമ കണ്ടപ്പോൾ നിങ്ങൾക്കുള്ള അതേ അനുഭവമല്ല റസ്റ്റോറൻറിൽ ഉണ്ടായത്. സിനിമയുടെ ക്ലൈമാക്സ് നിങ്ങളെ നിരാശപ്പെടുത്തുകയും തികച്ചും നെഗറ്റീവായ അനുഭവം നൽകുകയും ചെയ്തു. റസ്റ്റോറന്റിൽ നിങ്ങൾ ഒരിക്കലും പ്രതീക്ഷിക്കാത്ത, നിങ്ങളെ അത്ഭുതപ്പെടുത്തിയ ഒരു കാര്യം സംഭവിക്കുകയും ചെയ്തു. ഇത് അത്യധികം പോസിറ്റീവായ സംഭവമായി മാറി. നാമോരുത്തരും അനുഭവങ്ങൾ വിലയിരുത്തുന്നത് അനുഭവങ്ങളുടെ ഉച്ചസ്ഥായിയിൽ സംഭവിക്കുന്ന ഇത്തരം കാര്യങ്ങൾ അടിസ്ഥാനമാക്കിയാണ്.

അനുഭവങ്ങളുടെ ഉത്തുംഗത്തിൽ (Peak) നെഗറ്റീവായ അല്ലെങ്കിൽ പോസിറ്റീവായ അഭിപ്രായങ്ങൾ ഉരുത്തിരിയും. ഉപഭോക്താക്കൾ ബ്രാൻഡുമായുള്ള തങ്ങളുടെ അനുഭവങ്ങൾ വിലയിരുത്തുന്നത് എപ്പോഴും ഈ പീക്ക് എൻഡ് റൂൾ (Peak - End Rule) അനുസരിച്ചാണ്. അനുഭവങ്ങളുടെ തീവ്രത ഒരു ഉപഭോക്താവിന് പൂർണ്ണമായി സംവേദനക്ഷമാകുന്നത് അതിന്റെ ഉത്തുംഗ നിമിഷങ്ങളിലായിരിക്കും.

മികച്ച ഒരു പ്രഭാഷകനെ നിങ്ങൾ ശ്രദ്ധിക്കൂ. അദ്ദേഹം എപ്പോഴും പ്രസംഗം അവസാനിപ്പിക്കുന്നത് ഓർമ്മയിൽ നിൽക്കത്തക്ക പ്രാധാന്യമുള്ള, ശക്തിയുള്ള എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞുകൊണ്ടാവും. അത് ഗൗരവമുള്ള ഒന്നാവാം അല്ലെങ്കിൽ തമാശ രൂപത്തിലുള്ള ഒന്നാവാം. പക്ഷേ നല്ലൊരു പ്രഭാഷകൻ ഒരിക്കലും തന്റെ പ്രസംഗം സാധാരണ രീതിയിൽ ഒഴുക്കൻ മട്ടിൽ പറഞ്ഞ് അവസാനിപ്പിക്കുകയില്ല. തന്റെ കേൾവിക്കാർക്ക് മനോഹരമായ ഒരു അനുഭവം നൽകിക്കൊണ്ട് മാത്രമേ അദ്ദേഹം പ്രസംഗം അവസാനിപ്പിക്കുകയുള്ളൂ.

ഉൽപ്പന്നം വിൽക്കാൻ ശ്രമിക്കുന്ന ഒരു




സെയിൽസ്മാൻ ഡീൽ അവസാനിക്കുന്ന സമയത്ത് ഉപഭോക്താവ് ഒരിക്കലും ചിന്തിക്കാത്ത എന്തെങ്കിലും കൂടി കൂടുതൽ നൽകുകയാണെങ്കിൽ ഉപഭോക്താവിന്റെ പ്രതികരണം എന്തായിരിക്കും? ഉപഭോക്താക്കളെക്കൊണ്ട് "വൗ'' (WOW) എന്ന് പറയിപ്പിക്കുന്ന അനുഭവം അവർക്ക് നൽകുകയാണെങ്കിൽ ബ്രാൻഡുമായി ദൃഢമായ ബന്ധം ഉടലെടുപ്പിക്കുവാൻ സാധിക്കും.

ചില ടെലിവിഷൻ ഷോകൾ (Television Shows) ജനപ്രീതിയുടെ പാരമ്യത്തിൽ നിൽക്കുമ്പോൾ പെട്ടെന്ന് അവസാനിപ്പിക്കുന്നത് ശ്രദ്ധിച്ചിട്ടില്ലേ? പരമാവധി മീഡിയ വരുമാനം നേടാനാണ് നിർമ്മാതാക്കൾ ഇതിലൂടെ ശ്രമിക്കുന്നത്. ബ്രാൻഡുമായി അതിശക്തമായ ബന്ധം ഉപഭോക്താക്കളിൽ സൃഷ്ടിക്കാൻ പീക്ക് എൻഡ് റൂൾ (Peak - End Rule) തന്ത്രത്തിന് സാധിക്കും. അനുഭവതീവ്രതയുടെ ഏറ്റവും ഉന്നതിയിൽ ഉപഭോക്താവിനെ സംതൃപ്തനാക്കുയും പോസിറ്റീവ് അഭിപ്രായങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നതിലാവട്ടെ ബിസിനസുകളുടെ ഊന്നൽ. അപ്രതീക്ഷിതമായത് നല്കുക, ഉപഭോക്താവിനെ അത്ഭുതപ്പെടുത്തുക, മികച്ച അനുഭവങ്ങൾ തേടി അവർ വീണ്ടും വീണ്ടും നിങ്ങളെ സമീപിച്ചുകൊണ്ടിരിക്കും.

## സ്കേസിറ്റി മാർക്കറ്റിംഗ് (Scarcity Marketing)

ക്ലബ് ഹൗസ് എന്ന മൊബൈൽ ആപ്ലിക്കേഷൻ

എത്ര വേഗമാണ് നമുക്കിടയിൽ ശ്രദ്ധ പിടിച്ചു പറ്റുകയും ജനകീയമാകുകയും ചെയ്തത്. കോവിഡ് കാലഘട്ടത്തിൽ അടച്ചുപൂട്ടിയിരിക്കേണ്ട അനിവാര്യതയിലേക്ക് നാമെത്തിയപ്പോൾ ക്ലബ് ഹൗസ് എല്ലാവർക്കും ഒത്തുകൂടാനും പരസ്പരം കേട്ടു മുട്ടുവാനുമുള്ള വലിയൊരു വേദിയായി മാറി.

ക്ലബ് ഹൗസിലേക്കുള്ള ആദ്യ പ്രവേശനം നിങ്ങൾ ഓർക്കുന്നുണ്ടാകും. ആരുടെയെങ്കിലും ക്ഷണം ലഭിച്ചാൽ മാത്രമേ ക്ലബ് ഹൗസിൽ ജോയിൻ ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ക്ലബ് ഹൗസിലേക്ക് ഇൻവിറ്റേഷൻ ലഭിക്കുന്നത് ഒരു അംഗീകാരമായി കരുതിയിരുന്നു. അങ്ങിനെ ക്ഷണം ലഭിച്ച് ജോയിൻ ചെയ്യുമ്പോൾ നിങ്ങൾക്ക് അഭിമാനം തോന്നിയിരുന്നു. തങ്ങൾക്കെന്തോ പ്രത്യേക പരിഗണന ലഭിച്ചു എന്ന തോന്നൽ അതുളവാക്കുമായിരുന്നു.







ഇൻവിറ്റേഷൻ വഴി ആപ്ലിക്കേഷനിലേക്ക് പ്രവേശനം അനുവദിച്ച ആ തന്ത്രം കിടിലമായിരുന്നു. ഉൽപ്പന്നം കുറച്ചു പേർക്ക് മാത്രം ലഭ്യമാകുന്നു എന്ന് കരുതുക. ആ പ്രത്യേക വിഭാഗത്തോട് മറ്റുള്ളവർക്ക് അസൂയ തോന്നും. അവർക്കെന്തോ വിശേഷപ്പെട്ട അംഗീകാരം ലഭിച്ചതായി ചിന്തിക്കും. മനുഷ്യസഹജമായ ഇത്തരമൊരു വിചാരത്തെ, വികാരത്തെ മുതലെടുക്കുന്ന ഈ മാർക്കറ്റിംഗ് തന്ത്രമാണ് സ്കേസിറ്റി മാർക്കറ്റിംഗ് (Scarcity Marketing).

ഒരു പ്രത്യേക ഉൽപ്പന്നം കിട്ടാൻ ബുദ്ധിമുട്ടാണ് എന്ന് തോന്നിയാൽ അത് കയ്യടക്കണമെന്ന ഉൽക്കടമായ ആഗ്രഹം ഉപഭോക്താവിൻറെ മനസ്സിൽ ഉടലെടുക്കും. ഇത് സ്വാഭാവികമായ ഒരു ആന്തരിക പ്രതികരണം മാത്രമാണ്. ലിമിറ്റഡ് എഡിഷൻ വാഹനങ്ങളോടുള്ള കമ്പം നോക്കുക. ഇത്തരം വാഹനങ്ങൾ നിർമ്മിക്കുന്നത് എണ്ണത്തിൽ കുറവായിരിക്കും. എന്നാൽ അവയ്ക്കുള്ള ആവശ്യകത നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ എണ്ണത്തെക്കാൾ എത്രയോ മടങ്ങായിരിക്കും.

ഇവിടെ ഉൽപ്പന്നത്തിന് കൃത്രിമമായി ക്ഷാമം സൃഷ്ടിക്കുകയാണ്. നേടാൻ ബുദ്ധിമുട്ടുള്ള ഒന്ന് നേടിയെടുക്കുക ഒരു ത്രില്ലാണ്. സിറ്റിയിൽ വളരെ പ്രധാനപ്പെട്ട ഒരു പരിപാടി നടക്കുന്നു. പ്രത്യേക ക്ഷണിതാക്കൾക്ക് മാത്രമേ പ്രവേശനമുള്ളൂ. അതിൽ പങ്കെടുക്കുന്നവരെ ഇൻവിറ്റേഷൻ ലഭിക്കാത്തവർ അസൂയയോടെ വീക്ഷിക്കുന്നു. അതിൽ പങ്കെടുക്കാൻ സാധിച്ചിരുന്നെങ്കിൽ, തന്നെ ക്ഷണിച്ചിരുന്നെങ്കിൽ എന്നൊക്കെ വിചാരിച്ചു വിഷമിക്കുന്നു. അത്തരമൊരു പരിപാടിയിൽ പങ്കെടുക്കുന്നത് അഭിമാനകരമെന്ന് വിശ്വസിക്കുന്നു.

വൺപ്ലസ് സ്മാർട്ട് ഫോണുകൾ വിപണിയിലേക്ക് കടന്നു വന്നത് ഓർമ്മയില്ലേ? അവ മൊബൈൽ സ്റ്റോറുകളിൽ ലഭ്യമായിരുന്നില്ല. പ്രത്യേക ഇൻവിറ്റേഷൻ ലഭിച്ചാൽ മാത്രമേ ഉപഭോക്താക്കൾക്ക് വൺ പ്ലസ് ഫോണുകൾ വാങ്ങുവാൻ കഴിഞ്ഞിരുന്നുള്ളൂ. അന്നേവരെ ഒരു ഉൽപ്പന്നം ഇത്തരത്തിൽ വാങ്ങുന്ന രീതി ഉപഭോക്താക്കൾക്ക് പരിചിതമായിരുന്നില്ല. സ്റ്റോറുകൾ സന്ദർശിച്ച് ഫോൺ നോക്കി തിരഞ്ഞെടുക്കുക എന്ന അവസരം ഉപഭോക്താക്കൾക്ക് നിഷേധിക്കപ്പെട്ടു. ഇത് ഉപഭോക്താക്കളിൽ ആകാംക്ഷ നിറച്ചു. അവർക്ക്



ഇതെന്തോ വിശേഷപ്പെട്ട ഫോണായി തോന്നി. ഉപഭോക്താക്കൾ ഫോണിനെക്കുറിച്ചറിയാൻ തിരക്കുകൂട്ടി. വൺ പ്ലസ് വിപണിയിൽ അവതരിപ്പിച്ച് ഒരു വർഷത്തിനുള്ളിൽ 25 മില്യൺ ഉപഭോക്താക്കളാണ് അവരുടെ വെബ്സൈറ്റ് സന്ദർശിച്ചത്. ഏകദേശം ഒരു മില്യൺ ഫോണുകളാണ് ഈ തന്ത്രം വഴി വിറ്റഴിക്കപ്പെട്ടത്.

ഹോട്ടൽ ബുക്കിംഗ് വെബ്സൈറ്റുകൾ നോക്കൂ. വളരെ കുറഞ്ഞ എണ്ണം മുറികളായിരിക്കും പല ഹോട്ടലുകളിലും ഒഴിവുള്ളതായി കാണിക്കുക. ഇത് പെട്ടെന്ന് ആവശ്യകത വർദ്ധിപ്പിക്കും. വളരെ വേഗം ബുക്കിംഗ് തീരുന്ന ഹോട്ടലുകളിൽ റൂം ബുക്ക് ചെയ്യാൻ ആവശ്യക്കാർ തിരക്കു കൂട്ടും. ലഭ്യത കുറച്ച് ആവശ്യകത വർദ്ധിപ്പിക്കുന്ന സ്കേസിറ്റി മാർക്കറ്റിംഗ് (Scarcity Marketing) തന്ത്രം തന്നെയാണ് ഇത്തരം ബിസ്സിനസുകൾ ഫലപ്രദമായി ഉപയോഗിക്കുന്നത്.

മോണാലിസ എന്ന പെയിന്റിംഗ് നോക്കുക. അത്തരം ഒരേയൊരു പെയിന്റിംഗ് മാത്രമേ ഈ ഭൂമിയിലുള്ളൂ. ഈ അപൂർവ്വത അതിന്റെ മൂല്യം ഉയർത്തുന്നു. അപൂർവ്വമായതിനെ നേടാൻ മനുഷ്യൻ എപ്പോഴും തീവ്രമായി ആഗ്രഹിക്കുന്നു. അതിനായി എന്തു ത്യാഗവും സഹിക്കുവാൻ തയ്യാറാകുന്നു. എന്ത് വിലയും നൽകാൻ മടിക്കുകയുമില്ല. ഇത് തന്നെയാണ് സ്കേസിറ്റി മാർക്കറ്റിംഗ് (Scarcity Marketing) തന്ത്രത്തിന്റെ മന:ശാസ്ത്രം.

## ഫ്രീമിയം (Freemium)

നിങ്ങൾക്ക് മൊബൈൽ ഗെയിം കളിക്കാൻ ഇഷ്ടമാണ്. നിങ്ങൾ ഗെയിം മൊബൈലിൽ ഡൌൺലോഡ് ചെയ്യാൻ നോക്കുന്നു. ആയിരക്കണക്കിന് ഫ്രീ ഗെയിമുകൾ സ്റ്റോറിൽ ലഭ്യമാണ്. നിങ്ങൾ ഒരു ഗെയിം എടുക്കുന്നു, കളിച്ചു തുടങ്ങുന്നു. കളിയിൽ കൂടുതൽ മുഴുകിത്തുടങ്ങുമ്പോൾ നിങ്ങൾക്ക് മനസ്സിലാകുന്നു ഈ ഗെയിം ഒരു ബേസിക് വേർഷൻ മാത്രമാണ്. കൂടുതൽ ഫീച്ചറുകൾ ഉള്ള ഗെയിം വേണമെങ്കിൽ അത് സൗജന്യമായി ലഭ്യമല്ല പകരം വില കൊടുത്ത് വാങ്ങേണ്ടി വരും.

നിങ്ങൾക്ക് കൂടുതൽ മികച്ച അനുഭവങ്ങൾ (Experiences) ഗെയിമിൽ നിന്നും ലഭിക്കണമെങ്കിൽ നിങ്ങൾ പണം മുടക്കാൻ തയ്യാറാവണം. ഫ്രീ ഗെയിം എന്ന ഓഫറിൽ നിങ്ങൾ ആദ്യം ആകൃഷ്ടനാകുന്നു. കളിച്ചു തുടങ്ങുമ്പോൾ നിങ്ങൾക്ക് ഹരം പിടിക്കുന്നു. നിങ്ങൾ ഗെയിമിൽ കൂടുതൽ പ്രാവീണ്യം നേടിത്തുടങ്ങുന്നു. കളിക്കുന്നത് തന്നെ കളിച്ചു കൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് ബോറടിക്കുന്നു. നിങ്ങളുടെ മനസ്സ് കൂടുതൽ ത്രിൽ ആഗ്രഹിക്കുന്നു. നിങ്ങൾ പണം മുടക്കാൻ തയ്യാറാകുന്നു.

ഫ്രീമിയം (Freemium) ബിസിനസ് മോഡലിന്റെ തന്ത്രം അതാണ്. ഉൽപ്പന്നം സൗജന്യമായി ഓഫർ ചെയ്യുന്നു. ഉൽപ്പന്നം ലഭിക്കുവാൻ പണം

മുടക്കേണ്ടതില്ല എന്ന ഓഫറിൽ നിങ്ങൾ വീഴുന്നു. ഉപഭോക്താവിനെ കുടുക്കുവാനുള്ള ചൂണ്ടയാണ് ഫ്രീ വേർഷൻ. വളരെ ലിമിറ്റഡ് ഫീച്ചറുകളുള്ള ബേസിക് വേർഷനായിരിക്കും ഉപഭോക്താവിന് ലഭിക്കുക. യഥാർത്ഥ ഉപഭോക്താക്കളിലേക്കുള്ള ലീഡായി മാറുന്നു ഈ സൗജന്യ ഓഫർ.

സ്പോട്ടിഫൈ (Spotify) ഡൌൺലോഡ് ചെയ്ത് ഗാനങ്ങൾ കേൾക്കാത്തവർ ചുരുക്കമായിരിക്കും. സൗജന്യമായി തന്നെ പ്ലേ സ്റ്റോറിൽ നിന്നും സ്പോട്ടിഫൈ ലഭിക്കും. നിങ്ങൾ ഗാനങ്ങൾ തിരഞ്ഞെടുക്കുന്നു, കേൾക്കുന്നു. എന്നാൽ ഓരോ ഗാനം കഴിയുമ്പോഴും പരസ്യങ്ങൾ നിങ്ങളെ ആലോസരപ്പെടുത്തുന്നു. ഈ പരസ്യങ്ങൾ വലിയ ശല്യമാണല്ലോ ഇതെങ്ങിനെ ഒഴിവാക്കാൻ കഴിയുമെന്ന് നിങ്ങൾ പരിശോധിക്കുന്നു. അപ്പോൾ കാണാം സ്പോട്ടിഫൈ പ്രീമിയം വാങ്ങൂ പരസ്യങ്ങൾ ഇല്ലാതെ പാട്ടുകൾ ആസ്വദിക്കൂ.




സ്പോട്ടിഫൈ നിങ്ങൾക്ക് സൗജന്യമായി നൽകുന്നത് ക്വാളിറ്റി കുറഞ്ഞ ശ്രവണാനുഭവമാണ് കൂടെ പരസ്യങ്ങളും. നിങ്ങൾ പണം മുടക്കാൻ തയ്യാറാണെങ്കിൽ മെച്ചപ്പെട്ട ക്വാളിറ്റിയുള്ള ഗാനങ്ങൾ കേൾക്കാം അതും പരസ്യങ്ങളുടെ ശല്യമില്ലാതെ. പുതിയ ഗാനങ്ങൾ ചൂടോടെ ലഭിക്കും. ഓഫ് ലൈനിൽ സേവ് ചെയ്യാൻ സാധിക്കും. അങ്ങനെ നിരവധി ഗുണങ്ങൾ. എന്നാൽ ഇതൊന്നും ബേസിക് വേർഷനിൽ ലഭ്യമല്ല.

കുട്ടിയുടെ വിദ്യാഭ്യാസം നിങ്ങൾക്ക് വളരെ പ്രധാനമാണ്. വളരെ എളുപ്പം കുട്ടിക്ക് പഠിക്കാൻ സാധിക്കുന്ന ഒരു ഓൺലൈൻ എഡ്യൂക്കേഷൻ പ്ലാറ്റ്ഫോം നിങ്ങൾ തിരയുകയും ഒരെണ്ണം കണ്ടെത്തുകയും ചെയ്യുന്നു. എന്നാൽ അത് എത്രമാത്രം നല്ലതാണെന്ന് നിങ്ങൾക്ക് അറിയില്ല. അതുകൊണ്ട് പണം മുടക്കണോ വേണ്ടയോയെന്ന് നിങ്ങൾ ശങ്കിക്കുന്നു. അപ്പോൾ അതാ നിങ്ങൾ അവരുടെ ഓഫർ കാണുന്നു. 15 ദിവസം നിങ്ങൾക്ക് ആപ്ലിക്കേഷൻ സൗജന്യമായി ഉപയോഗിക്കാം. ഇഷ്ടപ്പെട്ടാൽ മാത്രം പണം മുടക്കി വാങ്ങിയാൽ മതി.

ട്രയൽ, ഡെമോ വേർഷനുകൾ ഉപഭോക്താക്കളെ പ്രലോഭിപ്പിക്കും. ഉപയോഗിച്ച് തുടങ്ങിയാൽ പണം മുടക്കി ഉൽപ്പന്നം വാങ്ങുവാനുള്ള സാധ്യത വളരെ കൂടുതലാണ്. ആവശ്യക്കാരനെ കണ്ടെത്താനും അവരെ പ്രീമിയം ഉൽപ്പന്നത്തിലേക്ക് നയിക്കാനും ഫ്രീമിയം മോഡൽ ബിസിനസ് തന്ത്രത്തിന് സാധിക്കുന്നു. ഡ്രോപ്പ്ബോക്സ് എല്ലാ ഉപഭോക്താക്കൾക്കും 2 ജി ബി ഫ്രീയായി നൽകുന്നു. കൂടുതൽ സ്പേസ് വേണമെങ്കിൽ പണം നൽകണം. ആദ്യം ഉപഭോക്താവിനെക്കൊണ്ട് ഉൽപ്പന്നം ഉപയോഗിപ്പിക്കുക പിന്നീട് വിൽക്കുക ഇതാണ് തന്ത്രം.





# മൂന്നുലക്ഷം കോടി രൂപയുടെ നിക്ഷേപം ലക്ഷ്യമിട്ട് വമ്പൻ പദ്ധതി

**മനോജ് മാതിരപ്പള്ളി**

തിരുവനന്തപുരം, കൊല്ലം ജില്ലകളെ ബൃഹത്തായ വ്യവസായ ഹബ്ബാക്കി മാറ്റുന്ന 'വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായ ഇടനാഴി' യാഥാർത്ഥ്യമാകുന്നു. തെക്കൻ കേരളത്തിന്റെ മുഖച്ഛായ മാറ്റിമറിക്കുന്ന വമ്പൻ പദ്ധതിയാണ് ഉടൻ നടപ്പാകുന്നത്. വിഴിഞ്ഞം തുറമുഖം വന്നതോടെ ഇവിടുത്തെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ തുറമുഖം കേന്ദ്രീകരിച്ചാവും പുതിയ വ്യവസായ ഇടനാഴി വരുന്നത്. മൂന്നു ദിശകളിലേക്ക് നീളുന്ന ഇൻഡസ്ട്രിയൽ ആൻഡ് ഇക്കണോമിക് ഗ്രോത്ത് ട്രയാംഗിൾ പദ്ധതി എന്ന രീതിയിലാവും പദ്ധതി നടപ്പാക്കുക. നിലവിൽ ആരംഭിച്ചിട്ടുള്ള ചില നിർമ്മാണ പ്രവർത്തനങ്ങളും സ്ഥലമേറ്റെടുപ്പും ഇതുമായി ബന്ധിപ്പിക്കും. ഇവയെല്ലാം പൂർത്തിയാകുന്നതോടെ മികച്ച ഗതാഗതശൃംഖലകൾ സൃഷ്ടിക്കപ്പെടുമെന്ന് മാത്രമല്ല, ചരക്കു കൈമാറ്റവും എളുപ്പത്തിലാകും.

ഭാവിയിൽ വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായ ഇടനാഴി പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. മധ്യകേരളത്തിലെ വിവിധ ജില്ലകൾക്ക് കൂടി ഇതിന്റെ നേട്ടമുണ്ടാകുന്ന തരത്തിലാവും പദ്ധതി വ്യാപിപ്പിക്കുക. ഇതിന്റെ

ഭാഗമായി കൊല്ലത്തുനിന്നും ദേശീയപാതയിലൂടെ ആലപ്പുഴ വഴി കൊച്ചിയിലേക്ക് വ്യവസായ ഇടനാഴി ദീർഘിപ്പിക്കും. ഇതോടൊപ്പം പുനലൂരിൽനിന്ന് പത്തനംതിട്ടയിലേക്കും, അവിടെനിന്ന് എം.സി. റോഡിലൂടെ കോട്ടയത്തേക്കും വ്യാപിപ്പിക്കും. ഇത്തരത്തിൽ, തിരുവനന്തപുരം മുതൽ കൊച്ചി വരെയുള്ള സമഗ്രവികസനം സാധ്യമാക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിനിടെ, ബംഗലൂരു-കൊച്ചി വ്യവസായ ഇടനാഴി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നേരത്തെ തന്നെ ആരംഭിച്ചിട്ടുണ്ട്. രണ്ടുപദ്ധതികളും ഒത്തുചേരുന്നതോടെ കേരളത്തിന്റെ നല്ലൊരു ഭാഗവും പരസ്പരം മികച്ച നിലവാരത്തിലുള്ളതും ഫലപ്രദവുമായ കണക്ടിവിറ്റി സാധ്യമാകും. സംസ്ഥാനത്തെ വ്യാവസായിക വികസനത്തിനും സാധാരണ ജനജീവിതത്തിനുമെല്ലാം ഇത് ഏറെ പ്രയോജനപ്രദമാവുകയും ചെയ്യും.

## നിക്ഷേപവും തൊഴിലവസരവും

വിഴിഞ്ഞം-കൊല്ലം, കൊല്ലം-പുനലൂർ, പുനലൂർ-വിഴിഞ്ഞം എന്ന തരത്തിൽ ട്രയാംഗിൾ രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 1456 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ പദ്ധതി വ്യാപിച്ചു കിടക്കുന്നു എന്നതുകൊണ്ടുതന്നെ വലിയ രീതിയിലുള്ള നേട്ടം ഇതിലൂടെ സാധ്യമാകും. കിഫ്ബി വഴിയാവും പദ്ധതി നടപ്പാക്കുക. ഇതിനുള്ള അംഗീകാരം നൽകിയെന്ന് മാത്രമല്ല, പ്രാഥമിക പ്രവർത്തനങ്ങൾക്കായി ആയിരം കോടിരൂപയും മാറ്റിവെച്ചിട്ടുണ്ട്. പദ്ധതി പ്രഖ്യാപിക്കപ്പെട്ടതോടെ, ഈ മേഖലയിലെ ഭൂമിവില കുതിച്ചുയരുമെന്നും അതുകൊണ്ടുതന്നെ സ്ഥലമേറ്റെടുപ്പ് പോലെയുള്ള അടിസ്ഥാനകാര്യങ്ങൾക്ക് കൂടുതൽ ചെലവ് വേണ്ടിവരുമെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ. ഈ സാഹചര്യത്തിൽ, വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പതിവുശൈലി മാറ്റി ജനങ്ങൾക്കും കൂടുതൽ പ്രയോജനപ്രദമായ നൂതന മാർഗ്ഗങ്ങളാവും സ്വീകരിക്കുക. പൊതു-സ്വകാര്യപങ്കാളിത്തം, ലാൻഡ് പൂളിംഗ്, നേരിട്ട് വാങ്ങൽ, ഭൂമി കൈമാറ്റം എന്നിവയിലൂടെ സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കാൻ കഴിയുമെന്നാണ് വിലയിരുത്തൽ.

ഗ്രോത്ത് ട്രയാംഗിൾ, വളർച്ചാനോഡുകൾ, സബ് നോഡുകൾ, ഇടനാഴികൾ എന്നിവ ഉൾപ്പെടുന്ന ബൃഹത്തായ പദ്ധതിയിലൂടെ ലോജിസ്റ്റിക്, വ്യവസായപാർക്കുകളുടെ ശൃംഖല തന്നെ സൃഷ്ടിക്കപ്പെടും. ദേശീയതലത്തിൽ നൂതന സാങ്കേതികവിദ്യാ വ്യവസായങ്ങളുടെ ഹബ്ബായി മാറാൻ കേരളത്തിന് ഈ പദ്ധതിയും മുതൽക്കൂട്ടാകും. ഇടനാഴികളിൽ പ്രത്യേക സാമ്പത്തികമേഖലയും പ്രഖ്യാപിക്കപ്പെടും. തുറമുഖം, വിമാനത്താവളം, ദേശീയപാതകൾ, റെയിൽ ഗതാഗതം തുടങ്ങി എല്ലാ തരത്തിലുള്ള കണക്ടിവിറ്റി മാർഗ്ഗങ്ങളും പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. മൂന്നുവർഷത്തിനുള്ളിൽ ഇവിടേക്ക് മൂന്നുലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാനാവുമെന്ന് കണക്കാക്കപ്പെടുന്നു. ഐ.ടി./ ഐ.ടി.ഇ.എസ്. വ്യവസായങ്ങൾ, പുനരുപയോഗ ഊർജ്ജം, അസംബ്ലിംഗ് യൂണിറ്റുകൾ, ലോജിസ്റ്റിക്സ് വ്യവസായങ്ങൾ, ബഹിരാകാശ മേഖലയുമായി ബന്ധപ്പെട്ട വ്യവസായം, മെഡിക്കൽ/ ഹോസ്പിറ്റാലിറ്റി വ്യവസായങ്ങൾ തുടങ്ങിയ മേഖലകൾക്കെല്ലാം പദ്ധതിയിൽ മുൻഗണന നൽകും. ഇതിനുപുറമെ ഇൻഫ്രാസ്ട്രക്ചർ, വ്യാവസായിക ഇടനാഴികൾ, ടൂറിസം തുടങ്ങിയ മേഖലകളിലും ശ്രദ്ധ കേന്ദ്രീകരിക്കും. സ്വാഭാവികമായും അനേകം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും.







വിഴിഞ്ഞം നോഡ്, കൊല്ലം അർബൻ സെന്റർ നോഡ്, പുനലൂർ നോഡ് എന്നിവയാണ് പദ്ധതിയുടെ ഭാഗമായ പ്രധാനപ്പെട്ട നോഡുകൾ. വിഴിഞ്ഞം നോഡ് തുറമുഖത്തേക്ക് നേരിട്ടുള്ള രാജ്യാന്തര പ്രവേശനകവാടമാകുമ്പോൾ കൊല്ലം അർബൻ സെന്റർ നോഡ് നിലവിലുള്ള വ്യവസായങ്ങളെ ഗതാഗത ശൃംഖലകളുമായി ബന്ധിപ്പിക്കും. ഇതിനുപുറമെ പുനലൂർ നോഡിനെ ഊർജ്ജ വ്യവസായങ്ങളുടെ കേന്ദ്രമാക്കി മാറ്റും. പ്രധാന നോഡുകൾക്ക് പുറമെ പള്ളിപ്പുറം-ആറ്റിങ്ങൽ-വർക്കല, പാരിപ്പള്ളി-കല്ലമ്പലം, നീണ്ടകര-കൊല്ലം, കൊല്ലം-കുണ്ടറ, കുണ്ടറ-കൊട്ടാരക്കര, അഞ്ചൽ-ആയൂർ, നെടുമങ്ങാട്-പാലോട് തുടങ്ങിയ ഉപനോഡുകളെ പ്രാദേശിക വികസനത്തിന് പിന്തുണ നൽകാനാവുന്ന തരത്തിൽ സജ്ജമാക്കും. തീരദേശം, ഇടനാട്, മലയോരമേഖല എന്നിവയെല്ലാം പ്രധാന റോഡ്-റെയിൽ ഇടനാഴികൾ മുഖേനെ വ്യവസായ ഇടനാഴിയുടെ ഭാഗമാക്കുകയും ഇതിലൂടെ സമ്പൂർണ്ണവികസനം സാധ്യമാക്കുകയും ചെയ്യും.

സാധ്യതാപഠനങ്ങൾ, ഫണ്ടിംഗ് ലഭ്യമാക്കൽ, വ്യവസായ സ്ഥാപനങ്ങളും ഉടമസ്ഥരുമായുള്ള കരാറുകൾ, റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനം എന്നിങ്ങനെ ഘട്ടംഘട്ടമായിട്ടാവും പദ്ധതി നടപ്പാക്കുക. വിഴിഞ്ഞം-കൊല്ലം ദേശീയപാത, പുതിയ ഗ്രീൻഫീൽഡ് ദേശീയപാത, കൊല്ലം-ചെങ്കോട്ട ദേശീയപാത, പുനലൂർ-നെടുമങ്ങാട്-വിഴിഞ്ഞം റോഡ്, കൊല്ലം-ചെങ്കോട്ട റെയിൽവെ ലൈൻ എന്നിവയാണ് പുതിയ ഇക്കണോമിക് ഗ്രോത്ത് ട്രയാംഗിളിലെ മൂന്നു ദിശകൾ. ഇതോടൊപ്പം, നിലവിൽ ഭൂമിയേറ്റെടുക്കൽ പുരോഗമിക്കുന്ന തിരുവനന്തപുരം ഔട്ടർ റിംഗ് റോഡും, വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറും ട്രയാംഗിൾ പദ്ധതിയുടെ ഭാഗമാകും.

നൂതന വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനൊപ്പം നഗര-ഗ്രാമഭേദമെന്യേ ഓരോ മേഖലയിലുമുള്ള പരമ്പരാഗത വ്യവസായങ്ങൾക്കും പ്രത്യേക പരിഗണനയാണ് നൽകുന്നത്. ഇതിലൂടെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയിൽ വൻകുതിപ്പുണ്ടാകും. ഇത്തരം പദ്ധതികളിലൂടെ സമീപഭാവിയിൽ തന്നെ കേരളത്തെ ആഭ്യന്തര-അന്തർദ്ദേശീയ വ്യവസായ സംരംഭങ്ങളുടെ കേന്ദ്രബിന്ദുവായി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യം. കിഫ്ബി മുഖേന പദ്ധതി നടപ്പാക്കുന്നുവെന്നതിനാൽ സമയബന്ധിതമായി ഇത് പൂർത്തിയാകുമെന്ന കാര്യത്തിലും സംശയിക്കേണ്ടതില്ല. അത്രത്തോളം സുതാര്യവും സമയബന്ധിതവുമാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ.

## കിഫ്ബിയും വികസനവും

കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസന രംഗത്ത് കുതിച്ചുചാട്ടത്തിന്റെ പുതിയൊരു അധ്യായം എഴുതിച്ചേർത്തുകൊണ്ടാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബിയുടെ രൂപീകരണം. 1999 നവംബർ പതിനൊന്നാം തീയതി ഇ.കെ. നയനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത്, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് നിയമപ്രകാരമാണ് കിഫ്ബി രൂപീകരിക്കപ്പെടുന്നത്. 2016-ൽ തോമസ് ഐസക് ധനമന്ത്രി ആയിരുന്നപ്പോൾ കിഫ്ബിയുടെ ചട്ടങ്ങൾ പരിഷ്കരിക്കപ്പെട്ടു. സംസ്ഥാന വികസനത്തിൽ അത്ഭുതകരമായ കുതിപ്പിന്റെ സുവർണകാലത്തിനാണ് തുടർന്നങ്ങോട്ട് കേരളം സാക്ഷ്യം വഹിച്ചത്. ഗതാഗതം, ജലവിതരണം, ആരോഗ്യസംരക്ഷണം, വൈദ്യുതി വിതരണം, ടൂറിസം, വ്യവസായം തുടങ്ങിയ മേഖലകളിലെല്ലാം അനേകം പദ്ധതികൾ നടപ്പാക്കാൻ ഇതിനകം തന്നെ കിഫ്ബിയ്ക്ക് കഴിഞ്ഞു.

അധികം വൈകാതെ കിഫ്ബി വഴിയുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായി ചെലവഴിച്ച തുക ഒരു ലക്ഷം കോടി രൂപയിലേക്കെത്തും. 743.37

കോടി രൂപയുടെ 32 പദ്ധതികൾക്ക് കൂടി കഴിഞ്ഞ മാസം അംഗീകാരം നൽകിയതോടെ കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ ചെലവ് 87,378.33 കോടി രൂപയായി. ഇതിനകം 1147 പദ്ധതികളാണ് കിഫ്ബിയിലൂടെ നടപ്പാക്കിയിരിക്കുന്നത്. 67,378.33 കോടിരൂപയുടെ 1140 അടിസ്ഥാനസൗകര്യ വികസനപദ്ധതികളും ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിയുള്ള ഇരുപതിനായിരം കോടിരൂപയുടെ ഏഴു പദ്ധതികളും ഇതിൽ ഉൾപ്പെടും. വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായ ഇടനാഴി പദ്ധതിക്ക് പുറമെ കൊട്ടാരക്കര ഐ.ടി. പാർക്ക്, നെടുമങ്ങാട് ജില്ലാ ആശുപത്രി, ടെക്നോപാർക്കിന്റെ ആറാംഘട്ട വികസനത്തിനായി ഡിജിറ്റൽ സയൻസ് പാർക്ക് നിർമ്മാണം, ചെലവന്നൂർ കനാൽ കേന്ദ്രീകൃത വികസനം, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ്, സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, കാലാവസ്ഥാ വ്യതിയാനപഠനങ്ങൾ എന്നിവയിൽ സെന്റർ ഫോർ എക്സലൻസ് സ്ഥാപിക്കൽ തുടങ്ങിയവയ്ക്കും കഴിഞ്ഞ മാസം ധനാനുമതി നൽകി.

വയനാട്ടിലെ കാർബൺ ന്യൂട്രൽ കോഫി പാർക്കിനുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ, മലയോര



**Shaping the Future: Vizhinjam-Kollam-Punalur Triangle**
Kerala's New Economic Horizon!

ഹൈവേയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ചാവറാമ്മുഴി പാലത്തിന്റെ നിർമ്മാണം, കൊച്ചിയിലെ നഗര പുനരുജ്ജീവനവും സംയോജിത ജലഗതാഗത പദ്ധതിയിലെ മൂന്ന് വികസനപ്രവർത്തനങ്ങളും, കൊട്ടാരക്കര ടൗൺ റിംഗ് റോഡിന്റെ രണ്ടാംഘട്ട നിർമ്മാണം, ആലപ്പുഴ ജില്ലയിലെ മുണ്ടയ്ക്കൽ പാലം-ചവറ ഭവൻ സി-ബ്ലോക്ക് റോഡ് നിർമ്മാണം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹൈഡോസ് തെറാപ്പി വാർഡ് വികസനം, എസ്.എ.ടി. ആശുപത്രിയിലെ വനിതാ-ശിശു ബ്ലോക്ക് പ്രവർത്തനക്ഷമമാക്കൽ, ആധുനിക ഗ്യാസ് ശ്മശാനങ്ങളുടെ നിർമ്മാണം, പാൽക്കുളം തോടിന് കുറുകെ ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം തുടങ്ങിയവയ്ക്കും കഴിഞ്ഞ മാസത്തെ യോഗത്തിൽ അനുമതി ലഭിച്ചു.

പൊതുമരാമത്ത് വകുപ്പിന്റെ 11 പദ്ധതികൾക്കായി 335.28 കോടിയുടെയും ഐ.ടി. വകുപ്പിന് 212.87 കോടിയുടെയും ടൂറിസം വകുപ്പിന് 29.75 കോടിയുടെയും വ്യവസായവകുപ്പിന് 8.91 കോടിയുടെയും തദ്ദേശ സ്വയംഭരണവകുപ്പിന് 9.95 കോടിയുടെയും കായികവകുപ്പിന് 4.39 കോടിയുടെയും വനം വകുപ്പിന് 67.97 കോടി രൂപയുടെയും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ മേഖലകളെയും ഉൾപ്പെടുത്തിയുള്ള സമഗ്രവികസനമാണ് കിഫ്ബിയിലൂടെ യാഥാർത്ഥ്യമാകുന്നത്. സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ടാണ് കിഫ്ബിയുടെ പ്രവർത്തനം.

കിഫ്ബിയുടെ ചെയർമാൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ ധനമന്ത്രിയുമാണ്. ഇവരെ കൂടാതെ ചീഫ് സെക്രട്ടറി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, നിയമവകുപ്പ് സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി, ധനവിഭവ സെക്രട്ടറി എന്നിവരും വിവിധ മേഖലകളിലെ വിദഗ്ധരായ ഏഴുപേരും കേരള ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് ബോർഡിൽ അംഗങ്ങളാണ്. ഇതിനുപുറമെ, ധനമന്ത്രി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ട്. ഇത്തരത്തിൽ കൃത്യമായ ഘടനയോടുകൂടി ഫലപ്രദമായി പ്രവർത്തിക്കുന്ന വികസന സംവിധാനമാണ് കിഫ്ബി.






ലോറൻസ് മാത്യു

# ബിസിനസ്സിൽ ക്രിയേറ്റിവിറ്റി കൊണ്ട് വരുവാൻ SCAMPER

സംരംഭകർ സാധാരണക്കാരേക്കാൾ ഏറെ കഴിവുള്ളവർ ആകേണ്ടതുണ്ട്. എങ്കിൽ മാത്രമേ അവർക്ക് ആ മേഖലയിൽ വിജയിക്കുവാൻ കഴിയുകയുള്ളു. അതിൽത്തന്നെ ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണ് ക്രിയേറ്റിവിറ്റി എന്നുള്ളത്. ഒരു സംരംഭത്തിന്റെ ആശയ രൂപവൽക്കരണം മുതൽ ക്രിയേറ്റീവ് ആകേണ്ടതുണ്ട്. Thinking out of the Box എന്നതാണ് ഇവിടെ വിവക്ഷിക്കുന്നത്. സാധാരണ ഒരു വ്യക്തി കാര്യങ്ങളെ കാണുകയും വിലയിരുത്തുകയും ചെയ്യുന്നതിനപ്പുറത്തേക്ക് ചിന്തിക്കുന്നവർക്കേ വിജയിക്കുന്ന സംരംഭകരുടെ പട്ടികയിലിടം പിടിക്കുവാൻ കഴിയുകയുള്ളു. ആശയങ്ങളെ ചിന്തയുടെ മറ്റൊരു തലത്തിൽ നിന്ന് കൊണ്ട് നോക്കിക്കാണുവാൻ കഴിയേണ്ടതുണ്ട്.

വ്യത്യസ്തങ്ങളായ ഉൽപ്പന്നങ്ങളേയും സേവനങ്ങളേയും

വിപണിയിൽ അവതരിപ്പിക്കുന്നതിലാണ് ആദ്യം ക്രിയേറ്റിവിറ്റി കാണിക്കേണ്ടത്. പ്രശ്നങ്ങളുണ്ടാകുമ്പോൾ അത് തരണം ചെയ്യുവാനുള്ള വ്യത്യസ്ത മാർഗ്ഗങ്ങളാവിഷ്കരിക്കുവാനും കഴിയേണ്ടതുണ്ട്. ഉദാഹരണമായി കോവിഡ് എന്ന മഹാമാരി മാനവരാശിയെ ആകത്തന്നെ വലയം ചെയ്തപ്പോൾ ആണ് പല കമ്പനികളും ഓൺലൈൻ സർവീസിലേക്ക് മാറിയത്. അതായത് പ്രശ്നങ്ങളെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഹരിക്കുവാൻ കഴിഞ്ഞു എന്നർത്ഥം. ഉപഭോക്താക്കളുടെ ഫീഡ്ബാക്കിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തുന്നതും ക്രിയേറ്റിവിറ്റിക്ക് ഉദാഹരണമാണ്. പല കമ്പനികളും സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ തങ്ങളുടെ ബിസിനസ് മോഡൽ പരിഷ്കരിക്കാറുണ്ട്. ഗൂഗിൾ തങ്ങളുടെ ജീവനക്കാർക്ക് വ്യക്തിപരമായ പ്രൊജക്ടുകൾക്ക് സമയവും സ്ഥലവും അനുവദിക്കുന്നതിലൂടെ ക്രിയേറ്റീവ് ചിന്തകൾക്ക് ആക്കം കൂട്ടിയ കമ്പനിയാണ്. ജിമെയിലും ഗൂഗിൾ മാപ്പുമൊക്കെ ഇതിന്റെ ഫലമായി ഉടലെടുത്തതാണെന്ന് മനസ്സിലാകുമ്പോഴെ ക്രിയേറ്റീവ് ചിന്തക്ക് ബിസിനസ്സിലുള്ള പ്രാധാന്യം നമ്മൾക്ക് മനസ്സിലാവുകയുള്ളു. എതിരാളികൾ ചിന്തിക്കുന്നതിന് മുന്നമേ കാലഘട്ടത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി സാങ്കേതിക വിദ്യ ആയതിനനുസരിച്ച് പ്രയോജനപ്പെടുത്തുന്ന ബിസിനസുകൾക്കേ കാലഘട്ടത്തെ അതിജീവിച്ച് നിലനിൽക്കുവാൻ കഴിയുകയുള്ളുവെന്നത് ഒരു വർത്തമാനകാല യാഥാർത്ഥ്യം ആണ്. എലോൺ മസ്കും ടെസ്ലയും നമ്മുടെ മുന്നിൽ നിൽക്കുന്ന ഉദാഹരണങ്ങളാണ്.

ഒരു ബിസിനസിൽ എങ്ങനെ ക്രിയേറ്റിവിറ്റി കൊണ്ട് വരുവാൻ കഴിയുമെന്ന് ചിന്തിക്കുമ്പോൾ നമ്മുടെ മുന്നിലേക്കെത്തുന്ന മാർഗ്ഗമാണ് SCAMPER എന്നത്. ഇതൊരു Tool ആണ്. എന്നാൽ ഏതൊരു സംരംഭകനും ക്രിയേറ്റിവ് ആകുവാൻ കഴിയുന്നയൊന്നാണിത്. 1970 ൽ Bob Eberle എന്ന വിദ്യാഭ്യാസ വിദഗ്ദനാണ് ഈ മാർഗ്ഗത്തിന്റെ ഉപജ്ഞാതാവ്. ഈ ഏഴ് അക്ഷരങ്ങളും ഓരോ വാക്കിനെ പ്രതിനിധീകരിക്കുന്നു.

## S - Substitute

Substitute എന്ന് പറഞ്ഞാൽ നിലവിലുള്ളയൊന്നിന് പകരമായി മറ്റൊന്ന് ഉപയോഗിക്കുകയെന്നതാണ്. എന്നാൽ ആ മാറ്റങ്ങൾ കൊണ്ട് സംരംഭത്തിന് ഏറെ ഗുണമുണ്ടാകണം. വിറ്റ്വരവ് കൂടുക, ലാഭം കൂടുക, ബ്രാൻഡ് വാല്യു കൂടുക തുടങ്ങിയവയൊക്കെ സംഭവിക്കുമ്പോഴാണ് Substitute എന്ന വാക്ക് ക്രിയേറ്റിവിറ്റിയുടെ ഭാഗമായി മാറുന്നത്. സർക്കാർ ഓഫീസുകളിലെ പേപ്പർ ഫയലുകൾ ഇ-ഓഫിസിലേക്ക് മാറിയത് ഇതിന് ഉദാഹരണമാണ്.

ഒരു സംരംഭകനെ സംബന്ധിച്ചിടത്തോളം Substitute ചെയ്യേണ്ടുന്ന നിരവധി കാര്യങ്ങളുണ്ട്. ഇന്നിപ്പോൾ പല ബിസിനസുകളിലും സാങ്കേതിക വിദ്യ പലതിനേയും Substitute ചെയ്തതായിക്കാണാം. ഡ്രൈവറെ ആവശ്യമില്ലാത്ത കാറുകൾ ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇത് വെറും കാറുകളിലോ ഓട്ടോറിക്ഷകളിലോ മാത്രമൊതുങ്ങുമെന്ന് ചിന്തിക്കരുത്. ഡ്രൈവർ ആവശ്യമുള്ളിടത്തെല്ലാം തന്നെ സാങ്കേതിക വിദ്യ Substitute ചെയ്യുന്ന കാലം അതിവിദൂരമല്ല. അതായത് പ്ലെയിൻ പറത്തുവാൻ പൈലറ്റോ, കപ്പൽ ഓടിക്കാൻ കപ്പിത്താനോ, ട്രെയിൻ ഓടിക്കാൻ ലോക്കോ പൈലറ്റോ ഇനി ആവശ്യം വരില്ലായെന്നർത്ഥം. ഡോക്ടർമാർക്ക് പകരം റോബോട്ടുകൾ ശസ്ത്രക്രിയ ചെയ്യുന്ന കാലത്താണ് നാം ജീവിക്കുന്നത് എന്നത് മറക്കരുത്. എയർപോർട്ടുകളിൽ ഇന്ന് പല വിധമായ സുരക്ഷാ പരിശോധനകൾക്ക് ശേഷമാണ് നാം വിമാനത്തിലേക്ക് കയറുന്നത്. എന്നാൽ ഖത്തർ എയർപോർട്ടിൽ ഇതിന്റെ ആവശ്യമില്ല. ഒരു സ്ഥലത്തേക്ക് നോക്കിയാൽ മതി. ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് ഉപയോഗിച്ച് നമ്മളെ സെക്കന്റുകൾക്കുള്ളിൽ സ്കാൻ ചെയ്തിട്ടുണ്ടാകും. ഇത് ലോകത്തെ എല്ലാ എയർപോർട്ടിലേക്കും എത്തുമ്പോൾ സുരക്ഷാ ജീവനക്കാരുടെ ജോലിയെ പ്രതികൂലമായി ബാധിക്കുമെന്നത് മറ്റൊരു യാഥാർത്ഥ്യം. എറണാകുളത്ത് പോലും ജീവനക്കാരില്ലാത്ത സൂപ്പർ മാർക്കറ്റുകൾ ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞു. മാർക്കറ്റിൽ കയറി സാധനങ്ങൾ റാക്കിൽ നിന്നുമെടുക്കാം. തിരിച്ചിറങ്ങുമ്പോൾ ഓട്ടോമാറ്റിക്കായി നമ്മുടെ അക്കൗണ്ടിൽ നിന്ന് സാധനങ്ങളുടെ വില കുറയുകയും ചെയ്യും.

ഒരു സംരംഭത്തിന് Substitution എന്നത് പല രീതിയിൽ ചെയ്യുവാൻ കഴിയും. അസംസ്കൃത വസ്തുക്കൾ, യന്ത്ര സാമഗ്രികൾ, സാങ്കേതിക വിദ്യ,



ജീവനക്കാർ, പ്രോസസ് തുടങ്ങിയവയിലൊക്കെ ഇത് കൊണ്ട് വരുവാൻ കഴിയും. തന്മൂലം ചിലപ്പോഴൊക്കെ പരോക്ഷമായി തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതായി കാണുവാൻ കഴിയും. ഉദാഹരണമായി പരമ്പരാഗതമായിട്ടുള്ള തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറി ഇക്കോ ഫ്രണ്ട്ലിയായിട്ടുള്ള മെറ്റീരിയലിലേക്ക് മാറുമ്പോൾ ആ മേഖലയിൽ പുതിയ സംരംഭങ്ങൾ ഉടലെടുക്കുവാനും തദ്വാരാ തൊഴിലവസരങ്ങൾ വർദ്ധിക്കുവാനും ഇടയാകും. സംരംഭകനാവട്ടെ പുതിയൊരു eco-conscious ആയിട്ടുള്ള ഉപഭോക്താക്കളെ കിട്ടുകയും ചെയ്യും. ആമസോൺ, ഫ്ളിപ്കാർട്ട് പോലുള്ളവയും സ്വമാറ്റോ, സ്വിഗ്ഗി പോലുള്ളവയും ഒക്കെ വന്നപ്പോൾ ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടയൊരു മേഖലയാണ് ലോജിസ്റ്റിക്കിന്റേത്. എന്നാൽ ഡെലിവറി ചെയ്യുന്നത് മനുഷ്യർക്ക് പകരമായി ഡ്രോണുകളാവുന്ന കാലം സമീപിച്ചിരിക്കുന്നു. ഇനിയുള്ള കാലഘട്ടം റീടെയിൽ മേഖലയാകെ മാറ്റിമറിക്കുന്നയൊന്ന് നാം കാണുവാൻ പോവുകയാണ്. ഇന്നുള്ള സൂപ്പർ മാർക്കറ്റുകൾക്ക് പകരമായി Substitute ചെയ്യുന്നത് ഡാർക്ക് സ്റ്റോറുകളായിരിക്കും. അതായത് വീടുകളിലേക്കാവശ്യമുള്ള സാധനങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ ഓർഡർ ചെയ്യാം. അത് എത്രയും വേഗത്തിൽ വീടുകളിലെത്തും. സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്റ്റോർ എവിടെയാണെന്ന് ഉപഭോക്താവ് അറിയേണ്ട കാര്യമില്ല. ആ സ്റ്റോറിൽ നിന്ന് നേരിട്ട് വിൽപ്പനയുണ്ടാവില്ല. കച്ചവടം ഓൺലൈനായി മാത്രമായിരിക്കും. ഒരു സാധാരണ ബിസിനസ്സ് സംരംഭങ്ങളിൽ ഒരു അക്കൗണ്ടന്റ് ചെയ്യുന്ന ജോലിയെ Substitute ചെയ്യുന്നതായ സോഫ്റ്റ്വെയറുകളിന്നുണ്ട്. കസ്റ്റമർ സർവീസ് 24 മണിക്കൂറും പ്രവർത്തിക്കുന്ന എ ഐ ആപ്ലിക്കേഷനിലേക്ക് മാറിക്കഴിഞ്ഞു. വായന ഡിജിറ്റലിലേക്ക് മാറ്റപ്പെട്ടപ്പോൾ ബുക്കുകളെ Substitute ചെയ്യുന്നതായ ആമസോൺ കിൻഡിൽ പോലുള്ള ഇ-ബുക്ക് റീഡറുകൾ അരങ്ങത്തെത്തി.

## C - Combine

ഒന്നിലധികം കാര്യങ്ങളെ ഒറ്റ ഉപകരണത്തിൽ അല്ലെങ്കിൽ സേവനത്തിൽ ഉൾക്കൊള്ളിക്കുക എന്നതാണ് ഇവിടെ വിവക്ഷിക്കുന്നത്. അതായത് ഒന്നിലധികം സേവനങ്ങളെ ഒന്നിൽ ഉൾക്കൊള്ളിക്കുന്നത് വഴി തീർത്തും നൂതനമായ ഒന്ന് സൃഷ്ടിക്കുകയെന്നതാണിത്. ഉദാഹരണമായി സ്മാർട്ട് ഫോൺ എന്നത് നിരവധി സേവനങ്ങളുടെ ഒരു കലവറ ആണെന്ന് കാണാം. അലാറം, വാച്ച്, ഫോൺ, ജി പി എസ്, സ്റ്റോപ്പ് വാച്ച്, ടോർച്ച് തുടങ്ങി എത്രയോ കാര്യങ്ങൾ ഒരൊറ്റ ഉപകരണം കൊണ്ട് സാധ്യമാക്കുവാൻ കഴിയും. പല ബിസിനസുകളിലും




സാങ്കേതിക വിദ്യയുടെ സങ്കലനം കാണുവാൻ കഴിയും.

ഇന്ന് നാം ഉപയോഗിക്കുന്ന സൊമാറ്റോ, സ്വിഗ്ഗി പോലുള്ള ആപ്ലിക്കേഷനുകൾ ഒരു റെസ്റ്റോറന്റിന്റെ ഭാഗത്ത് നിന്ന് നോക്കുമ്പോൾ ചെയ്തിരിക്കുന്നത് ഈ കോമ്പിനേഷൻ ആണ്. അതായത് നിലവിലുള്ള ഫുഡ് ഡെലിവറി സിസ്റ്റത്തെ ഒരു മൊബൈൽ ആപ്ലിക്കേഷനുമായി സന്നിവേശിപ്പിച്ചിരിക്കുന്നു. ഒരു കസ്റ്റമറെ സംബന്ധിച്ച് താൻ എവിടെ ആയിരിക്കുന്നുവോ അവിടെ നിന്ന് ഓർഡർ ചെയ്യുവാനും മൊബൈൽ വഴി തന്നെ പേ ചെയ്യുവാനും കഴിയും. റെസ്റ്റോറന്റിനെ സംബന്ധിച്ച് കച്ചവടം കൂടുവാൻ ഇത് സഹായകരമാകുന്നു. ഹെൽത്ത് കെയർ സിസ്റ്റം സാങ്കേതിക വിദ്യയുമായി കൈകോർക്കുന്ന നിരവധി ഉപകരണങ്ങൾ ഇന്ന് ലഭ്യമാണ്. ഒരു രോഗിയുടെ ശാരിരികാവസ്ഥ ഡോക്ടർക്ക് വിദൂരങ്ങളിലിരുന്ന് അറിയുവാൻ കഴിയുന്ന ശരീരത്തിൽ ധരിക്കുന്നതായ ഉപകരണങ്ങൾ ഉദാഹരണമാണ്. റിയൽ എസ്റ്റേറ്റ് ബിസിനസ്സ് ചെയ്യുന്നവർ തങ്ങളുടെ ബിസിനസ്സിൽ വിർച്വൽ റിയാലിറ്റിയുടെ സേവനം ഉപയോഗപ്പെടുത്തുന്നത് മറ്റൊരു ഉദാഹരണമാണ്. അതായത് തങ്ങൾ വിൽക്കുവാനാഗ്രഹിക്കുന്ന പ്രോപ്പർട്ടിയിലൂടെ ഒരു വിർച്വൽ ടൂർ ഇന്ന് സാധ്യമാണ് എന്നർത്ഥം. ബാങ്കിന്റെ സേവനങ്ങൾ ഇന്ന് വിരൽത്തുമ്പിൽ ലഭ്യമാകുന്നത് സേവനങ്ങളും സാങ്കേതിക വിദ്യയും കൈ കോർക്കുമ്പോഴാണ്.

## A - Adapt

സാഹചര്യങ്ങൾക്കനുസരിച്ച്, ട്രെൻഡുകൾക്കനുസരിച്ച്, സാങ്കേതിക വിദ്യയുടെ മാറ്റങ്ങൾക്കനുസരിച്ചെല്ലാം മാറ്റങ്ങൾക്ക് വിധേയമാക്കപ്പെടുകയെന്നതാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്. അതായത് പുതുതായിട്ടൊന്ന് കൂട്ടിച്ചേർക്കുക എന്നർത്ഥം. മറ്റൊരു ഉൽപ്പന്നത്തിൽ നിന്ന് അല്ലെങ്കിൽ സേവനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്




കൊണ്ട് തങ്ങളുടെ ഉൽപ്പന്നത്തിന്, സേവനത്തിന് മാറ്റങ്ങൾ വരുത്തുന്നതാണ് ഇത്. മനുഷ്യർക്ക് തീരെ സമയം ഇല്ലാതിരിക്കുന്ന ഈ കാലഘട്ടത്തിൽ Adapt എന്നതിന് ഏറെ പ്രസക്തിയുണ്ട്. പ്രമുഖ റിടെയിൽ ഷോപ്പുകളെല്ലാം തന്നെ ഓൺലൈനായി സ്റ്റോർ തുറക്കുന്നത് ഇതിനുദാഹരണമാണ്. സാധാരണ യായുള്ള മാർക്കറ്റിങ്ങ് ചാനലായ പത്രം, ടി വി തുടങ്ങിയവ വിട്ടിട്ട് താരതമേന്യ ചിലവ് കുറഞ്ഞതും എന്നാൽ കാര്യക്ഷമത കൂടിയതുമായ സോഷ്യൽ മീഡിയ മാർക്കറ്റിങ്ങ് ഏതാണ്ടെല്ലാ കമ്പനികളും Adapt ചെയ്യുന്നുണ്ടിപ്പോൾ. ടെക്സ്റ്റൈൽ ഷോറൂമുകളിൽ വിർചൽ ആയിട്ടുള്ള ഫിറ്റിങ്ങ് റൂമുകൾ ഉള്ളത് ഇതിനുദാഹരണമാണ്. വിദ്യാഭ്യാസം




ഓൺലൈനിലേക്കും മാറുന്നതും ബിസിനസ്സ് മീറ്റിങ്ങുകൾ ഓൺലൈനായിട്ട് നടക്കുന്നതുമെല്ലാം നിലവിലുള്ളതിലേക്ക് മറ്റൊന്നു കൂടി കൂട്ടിച്ചേർക്കുന്നതിന് മകുടോദാഹരണമാണ്. ഒരു ജിം നടത്തുന്ന സംരംഭകന് വ്യക്തിപരമായ ഫിറ്റ്നെസ്സ് എന്ന Concept ൽ നിന്നു കൊണ്ട് Wearable Device ആയ സ്മാർട്ട് വാച്ച് പോലുള്ളവ ഉപയോഗിച്ച് തങ്ങളുടെ ഉപഭോക്താക്കളുടെ ആരോഗ്യ വിവരങ്ങൾ തൽസമയം മനസ്സിലാക്കുകയും അതനുസരിച്ച് സേവനങ്ങൾ നൽകുവാനും കഴിയും. അതായത് ഇവിടെ സാങ്കേതിക വിദ്യ Adapt ചെയ്യുകയാണ് ചെയ്തത്. തങ്ങളുടെ ഉല്പ്പന്നത്തിലേക്ക് അല്ലെങ്കിൽ സേവനത്തിലേക്ക് പുതുതായി എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ടതുണ്ടോയെന്ന് ഓരോ സംരംഭകരും ആലോചിക്കേണ്ടതുണ്ട്. പുതുതായി സാങ്കേതിക വിദ്യ സന്നിവേശിപ്പിക്കുവാൻ കഴിയുമോ എന്നൊക്കെയുള്ള ചോദ്യങ്ങൾ സ്വയം ചോദിക്കുകയും അതനുസരിച്ച് മുന്നോട്ട് പോവുകയും ചെയ്യേണ്ടതുണ്ട്.

## M - Modify

Modify, Magnify, Minify എന്നൊക്കെ ഇതെടുക്കുവാൻ കഴിയും. ഉദാഹരണമായി സ്മാർട്ട് ഫോണുകളുടെ ഒരു Magnified Version ആണ് Tablet കൾ. നിലവിലുള്ള സംവിധാനത്തിന്, ഉൽപ്പന്നത്തിന്, സേവനത്തിന്




ഒന്ന് മാറ്റങ്ങൾ വരുത്തുകയാണിവിടെ ചെയ്യുന്നത്. ഒരു ഉൽപ്പന്നത്തിൽ അത് ഡിസൈൻ ആവാം, ഷേപ്പ് ആകാം, കളർ ആകാം, സൈസ് ആകാം അങ്ങനെ എന്തുമാകാം. നിരവധി കമ്പനികൾ തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് രൂപവും ഭാവവുമൊക്കെ മാറ്റി വിപണിയിൽ അവതരിപ്പിച്ചിട്ടുണ്ട്. അടപ്പ് തന്നെ ഒരു ഗ്ലാസ്സ് ആക്കി മാറ്റിയിരിക്കുന്ന ബോട്ടിലുകൾ ഇപ്പോൾ വിപണിയിൽ ലഭ്യമാണ്. കാറുകൾക്ക് പലപ്പോഴും രൂപമാറ്റം സംഭവിക്കുന്നത് നാം കാണുന്നതാണല്ലോ. Manual ആയിട്ടുള്ള ഗിയർ സംവിധാനത്തിൽ നിന്ന് ഓട്ടോമാറ്റിക്കിലേക്ക് വാഹനങ്ങളുടെ മോഡിഫിക്കേഷൻ ഇതിനുദാഹരണമാണ്. ആരോഗ്യ മേഖലയിൽ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾ നിരന്തരമായി മോഡിഫിക്കേഷന് വിധേയമാകുന്നത് നാം കാണുന്നുണ്ട്. Amazon, അവരുടെ ഇ-കോമേഴ്സ് സേവനങ്ങൾക്കൊപ്പം, Amazon Web Service വഴി ക്ലൗഡ് കമ്പ്യൂട്ടിങ്ങ് സങ്കേതങ്ങൾ പ്രദാനം ചെയ്യുന്നു, ഇത് ബിസിനസ്സുകൾക്ക് പുതിയ മേഖലയിൽ പ്രവർത്തിക്കാൻ ഒരു പുത്തൻ അവസരം ഒരുക്കുന്നു. ഒരു ബിസിനസ്സിന്റെ വിവിധ തലങ്ങളിൽ മോഡിഫിക്കേഷൻ സാധ്യമാണ്. പ്രോസസിലും, മെഷിനിലും, മാർക്കറ്റിങ്ങിലുമെല്ലാം തന്നെ ഇത് കൊണ്ട് വരുവാൻ കഴിയും. ഡി വി ഡി വാടകക്ക് കിട്ടിയിരുന്ന കാലം ഏറെ പിറകിലല്ല, എന്നാലിന്ന് സ്ട്രീമിങ്ങിലേക്ക് അത് മാറി. ആദ്യ കാലങ്ങളിലുണ്ടായിരുന്ന ടെലിവിഷൻ പലർക്കും ഓർമ്മ കാണും. എന്നാലിത് ഫ്ളാറ്റ് ടെലിവിഷന്റെ കാലം. ഇനി കലണ്ടർ പോലെ ചുരുട്ടാവുന്ന ടി വികൾ അണിയറയിൽ ഒരുങ്ങുന്നുണ്ട്. അപ്പോൾ കാലഘട്ടത്തിനനുസരിച്ച് സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാറ്റങ്ങൾ വരുത്തുന്നവർക്കേ ബിസിനസ് മേഖലയിൽ പിടിച്ച് നിൽക്കുവാൻ കഴിയുകയുള്ളൂ.

## P - Put to another use

ഒരു ഉൽപ്പന്നത്തിന് തീർത്തും വ്യത്യസ്തമായ മറ്റൊരുപയോഗം കണ്ടെത്തുകയെന്നതാണ് ഇത്





കൊണ്ട് വിവക്ഷിക്കുന്നത്. ഇത് സേവന മേഖലയിലും ചെയ്യുവാൻ കഴിയും. ഒരു കൺസ്ട്രക്ഷൻ കമ്പനിക്ക് അവരുടെ മുൻ പ്രൊജക്റ്റുകളിൽ നിന്ന് ബാക്കി വന്നതായ തടിയോ, മറ്റ് മെറ്റീരിയലുകളയോ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്നതാണ്. ഒരു റെസ്റ്റോറന്റിൽ ബാക്കിയാവുന്ന സ്ഥലം ചില ഈവന്റുകൾക്കായി മാറ്റി വെക്കുന്നതും ഇതിനുദാഹരണമാണ്. അതായത് ഒരു ഉൽപ്പന്നത്തിന്റെ ഡിസൈനർ ചിന്തിക്കാത്ത മറ്റൊരു ഉപയോഗം കണ്ടെത്തുക, അതിലൂടെ ബിസിനസ്സിൽ ക്രിയേറ്റിവിറ്റി കൊണ്ട് വരിക. ചില മൊബൈൽ ഫോൺ നിർമ്മാതാക്കൾ ഫോണിന്റെ ചാർജ്ജിങ്ങ് പോർട്ട് തന്നെ ഓഡിയോ ഔട്ട് പുട്ട് ആയി ഉപയോഗിക്കുന്നത് മറ്റൊരുദാഹരണമാണ്. ഒരു കോൺഫറൻസിന് വരുന്നവർക്ക് അപ്പാർട്ട്മെന്റിൽ Mattress വാടകക്ക് കൊടുക്കുന്നതിനായി 2008 ൽ അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിൽ തുടങ്ങിയതായ ഒരു സ്റ്റാർട്ടപ്പായ Airbnb ഇന്ന് ഹോംസ്റ്റേ പോലുള്ള വ്യത്യസ്തമായ ഉപയോഗങ്ങൾ അതിന് കണ്ടെത്തി. വീടുകൾ താൽക്കാലികമായി വാടകക്ക് നൽകുവാൻ തയ്യാറായിട്ടുള്ളവർക്കായി ലഭ്യമാക്കിയിരിക്കുന്നതായ ഈ സേവനം ഇന്ന് ലോകത്തിലെ 220 രാജ്യങ്ങളിലായി 100,000 ൽ അധികം നഗരങ്ങളിൽ ലഭ്യമാണ്. 7 മില്യണിലധികം ലിസ്റ്റിങ്ങുകൾ ഇതിലുണ്ട്. ആദ്യ കാലങ്ങളിൽ ഒരു ഓൺലൈൻ ബുക്ക് സ്റ്റോർ മാത്രമായിരുന്ന ആമസോൺ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ഇ കൊമേഴ്സ് പ്ലാറ്റ്ഫോം ആണ്. Vacuum Cleaner മാത്രമായിരുന്ന് ആദ്യ കാലങ്ങളിൽ Dyosn ന്റെ ഉൽപ്പന്നം. എന്നാൽ അതേ സാങ്കേതിക വിദ്യ തന്നെയുപയോഗിച്ചാണ് അവർ hand dryers, bladeless fans, hair dryers, air purifiers തുടങ്ങിയവ വിപണിയിലെത്തിച്ചത്. അതായത് ഒരേ സാങ്കേതിക വിദ്യക്ക് വ്യത്യസ്തങ്ങളായ ഉപയോഗങ്ങൾ

## Put to Another Use



കണ്ടെത്തുക. ആദ്യ കാലങ്ങളിൽ Tesla യുടെ ഇലക്ട്രിക് കാർ മാത്രം ഉണ്ടാക്കുന്ന ഫാക്ടറി ആയിരുന്നു അവരുടെ ഗിഗാ ഫാക്ടറി. എന്നാൽ പിന്നീട് അവർ സോളാർ ബാറ്ററിയിലേക്ക് തിരിഞ്ഞു. അതിനാൽ ഇലക്ട്രിക് കാർ വിപണിയിൽ മാത്രമല്ല പാരമ്പര്യേതര ഊർജ്ജ മാർക്കറ്റിലും അവർക്ക് ആധിപത്യം സ്ഥാപിക്കുവാൻ കഴിഞ്ഞു.

## E - Eliminate

ആവശ്യമില്ലാത്തതിനെ റിമൂവ് ചെയ്യുകയെന്നതാണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്. അതായത് ഒരു സിസ്റ്റത്തിൽ, പ്രോസസിൽ അനാവശ്യമായത് ഒഴിവാക്കുന്നതിലൂടെ കൂടുതൽ മെച്ചപ്പെട്ടതൊന്ന് സൃഷ്ടിക്കുക. ഇങ്ങനെ ആവശ്യമില്ലാത്തതിനെ ഒഴിവാക്കി രൂപമാറ്റം വരുത്തിയ നിരവധി ഉൽപ്പന്നങ്ങളും സേവനങ്ങളും വിപണിയിൽ കാണുവാൻ കഴിയും. ഒരു സിസ്റ്റത്തിന്റെ ആകെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ ആയിരിക്കണം ഈ മാറ്റങ്ങൾ. ബ്ലൂടൂത്ത്




ഹെഡ് സെറ്റുകൾ ഇതിനൊരു ഉദാഹരണമാണ്. സാധാരണയായിട്ടുള്ള നെക് ബാൻഡുകൾക്ക് പ കരം ഇപ്പോൾ ആളുകൾ ഉപയോഗിക്കുന്നത് Buds ആണ്. അതായത് കഴുത്തിലിടുന്ന വള്ളി ഒഴിവാക്കിയപ്പോൾ കൂടുതൽ വ്യത്യസ്തമായ എന്നാൽ അൽപ്പം കൂടി സൗകര്യപ്രദമായ മറ്റൊരു ഉപകരണമായി അത് മാറി. വാഹനങ്ങളിലെ എഞ്ചിനെ മാറ്റിയപ്പോൾ ആണ് സാധാരണ കാറുകൾ ഇലക്ട്രിക് ആയി മാറിയത്. അത് വാഹന വ്യവസായത്തിൽ കൊണ്ട് വന്ന വിപ്ലവം വലുതായിരുന്നു. കമ്പ്യൂട്ടറിന്റെ മൗസിന്റെ വയർ മാറ്റിയപ്പോൾ അത് കൂടുതൽ സൗകര്യ പ്രദമായ വയർലെസ്സ് മൗസ് ആയി മാറിയതും ഉദാഹരണമായെടുക്കാം. ലാപ് ടോപ്പുകളിൽ നിന്ന് CD Drive മാറ്റി ആദ്യ പരീക്ഷണം നടത്തിയത് ആപ്പിൾ ആയിരുന്നു. ഇത് ലാപ് ടോപ്പുകൾ കൈകാര്യം ചെയ്യുവാൻ കൂടുതൽ എളുപ്പമാക്കി മാറ്റി. സോഫ്റ്റ് വെയറുകൾ ഒക്കെ ഡിസൈൻ ചെയ്യുമ്പോഴും കൂടുതൽ സങ്കീർണ്ണമായ സ്റ്റെപ്പുകൾ ഒഴിവാക്കി കൂടുതൽ സിമ്പിൾ ആയി ചെയ്യുവാൻ കഴിയും. സംരംഭകർക്ക് തങ്ങളുടെ പ്രോസസിലെ ചില സ്റ്റെപ്പുകൾ ഒഴിവാക്കുവാൻ കഴിയും. ഒരു പക്ഷേ തങ്ങളുടെ ചില ജീവനക്കാരെയായിരിക്കും മാറ്റേണ്ടി വരിക.

## R - Reverse or Rearrange

അവസാനമായിട്ടുള്ളത് Reverse or Rearrange എന്നതാണ്. ഒരു സിസ്റ്റത്തെ മൊത്തത്തിൽ ഉടച്ച് വാർക്കുകയാണിവിടെ. Rearrange ചെയ്യുവാൻ കഴിയുന്നതായ നിരവധി ഫർണീച്ചറുകളെ ഇന്ന് വിപണിയിൽ കാണുവാൻ കഴിയും. ഒരു റിടെയിലർക്ക് തന്റെ ഷോറൂമിലെ ഉൽപ്പന്നങ്ങളെ പ്രദർശിപ്പിക്കുന്നതിന്റെ ഓർഡർ മാറ്റി കൂടുതൽ മെച്ചപ്പെട്ട Display അനുഭവം നൽകുവാൻ കഴിയും. ആമസോൺ പോലുള്ള ഓൺലൈൻ സൈറ്റുകൾ ഉപഭോക്താവിന്റെ Search History യുടെ അടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ ലിസ്റ്റ് ചെയ്യാറുണ്ട്. വലിയ manufacturing industries പലപ്പോഴും അവയുടെ Production Line Rearrange ചെയ്യാറുണ്ട്. ഇത് ചിലവ് കുറക്കുവാൻ, അപകടം കുറക്കുവാൻ ഒപ്പം കൂടുതൽ Effective ആയി ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ ഒക്കെ സഹായകരമാകാറുണ്ട്. ട്രാഫിക് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ പലപ്പോഴും ആ സിസ്റ്റം തന്നെ Rearrange ചെയ്യാറുണ്ട്. പ്രത്യേകിച്ചും വി ഐ പി മാരുടെ സന്ദർശന സമയത്ത്. ഒന്നിലധികം വെയർ ഹൗസുകളും റിടെയിൽ ഔട്ട് ലെറ്റുകളുമുള്ള ബിസിനസ് സംരംഭങ്ങൾ തങ്ങളുടെ സപ്ലൈ ചെയിൻ ഏറ്റവും ചിലവ് കുറഞ്ഞ രീതിയിൽ ക്രമീകരിക്കാറുണ്ട്. ഇതിന് Linear Programming Problem എന്ന Mathematical Tool ഉപയോഗപ്പെടുത്താറുണ്ട്. ഒന്നിലധികം പ്രോസസുകളുള്ള ഒരു പ്രൊഡക്ഷൻ പ്രോസസിൽ പലപ്പോഴും പ്രൊഡക്ഷൻ ലൈനിൽ Re arrangement നടത്താറുണ്ട്. അതായത് ഇവിടെ ഒരു Optimization നടത്തുന്നുവെന്നർത്ഥം. ചിലപ്പോൾ U-shaped layout ആയിരിക്കാം പ്രയോജനപ്പെടുന്നത്. കാരണം ജീവനക്കാരുടെ Movement തീരെ കുറക്കുവാൻ ഇതിലൂടെ കഴിയും. Mobile Phone ഉൾപ്പടെയുള്ള പല ഉൽപ്പന്നങ്ങളും നമ്മുടെ കൈയിൽ എത്തുന്നത് അതിന്റെ രൂപകൽപ്പനയുടെ സമയത്ത് നിരവധിയായിട്ടുള്ള Re arrangement കൾക്ക് വിധേയമായിട്ടാണ്. പല കമ്പനികളും തങ്ങളുടെ പാക്കിങ്ങിൽ പല വിധത്തിലുള്ള Re arrangement കളും നടത്താറുണ്ട്. പ്രത്യേകിച്ചും പരിസ്ഥിതി സൗഹാർദ്ദമായ പാക്കിങ്ങുകളാണ് ഇപ്പോൾ പല കമ്പനികളും പ്രിഫർ ചെയ്യുന്നത്. സാധാരണയായി ഹോട്ടലിൽ ഭക്ഷണം കഴിച്ചതിന് ശേഷമായിരിക്കും ബില്ലടക്കുക. എന്നാൽ ചിലയിടത്തെങ്കിലും ഇത് Reverse ചെയ്യാറുണ്ട്. അതായത് ആദ്യം പണമടക്കുക, പിന്നീട് ഭക്ഷണം നൽകുന്ന രീതി.

ഒരു കമ്പനിയുടെ ഉൽപ്പന്നങ്ങളുടെ രൂപകൽപ്പനയിലോ, അതുമല്ലായെങ്കിൽ പ്രശ്ന പരിഹാരത്തിനോ ഒക്കെയായിട്ട് ഈ രീതി ഉപയോഗപ്പെടുത്താറുണ്ട്. ബിസിനസിൽ മൊത്തമായി ഒരു ക്രിയേറ്റിവിറ്റി കൊണ്ടു വരുവാൻ കഴിയുന്നയൊരു ടൂൾ ആണ് SCAMPER എന്നത്.




STEEL FAB
KARIKANDAM, MADAPPALLY
PH: 9495630087, 7306058943
LASER CUTTING SERVICE
STAINLESS STEEL
G.I, M.S, COPPER
ALUMINIUM
SHEET CUTTING
SHEET BENDING
PIPE BENDING
STEEL WINDOW & DOOR MANUFACTURER
STAINLESS STEEL HANDRAILS
KITCHEN EQUIPMENTS
GATE ETC....



# പാലക്കാട് വ്യവസായ നഗരം

## കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തിന് പൊൻതിളക്കം

ജി. കൃഷ്ണപിള്ള

### പശ്ചാത്തലം

2008 ജനുവരി ഏഴിനാണ് മുംബൈ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ (DMICDE) സ്ഥാപിച്ചതോടെ കൂടിയാണ് ദേശീയ വ്യവസായി ഇടനാഴി വികസന പരിപാടിക്ക് ഇന്ത്യയിൽ തുടക്കം കുറിച്ചത്. ഇന്ത്യയിലെ വാണിജ്യ– വ്യവസായ മന്ത്രാലയത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയിട്ടാണ് ഈ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ സ്ഥാപിതമായത്. പദ്ധതി വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ഡൽഹി – മുംബൈ കോറിയോഡർ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള വിവിധ സംരംഭങ്ങളെ ഏകോപിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ പ്രാഥമിക ദൗത്യം 2020 ൽ DMICDC ലിമിറ്റഡ് നാഷണൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ (NICDC) എന്ന് പുനർനാമകരണം ചെയ്തു.

## NICDC യുടെ പ്രവർത്തനം

രാജ്യത്തുടനീളമുള്ള ഒന്നിലധികം വ്യവസായ ഇടനാഴികളുടെ വികസനത്തിന് നേതൃത്വം നൽകാൻ ഈ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപ മേഖലകൾ, വ്യവസായിക മേഖലകൾ, സാമ്പത്തിക മേഖലകൾ, വ്യവസായിക നോഡുകൾ, സംയോജിത ഉത്പാദന ക്ലസ്റ്ററുകൾ, ടൗൺഷിപ്പുകൾ, പ്രാരംഭഘട്ട പദ്ധതികൾ ഉൾപ്പെടെയുള്ള വിപുലമായ സംരംഭങ്ങൾക്കാവശ്യമുള്ള പ്രോജക്ട് വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ഈ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരുകൾ പൂർണ്ണ പിന്തുണയും നൽകുന്നു. മാസ്റ്റർ പ്ലാനുകൾ, സാധ്യത റിപ്പോർട്ടുകൾ, ഡി. പി. ആർ എന്നിവ ഉൾപ്പെടെ സമഗ്രമായ പ്രോജക്ട് വികസനം വരെ ചകഇഇ യുടെ പങ്ക് വ്യാപിപ്പിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, വിഭവ സമാഹരണം, വായ്പ ലഭ്യമാക്കൽ, സ്കീം രൂപവത്കരണം എന്നീ മേഖലകളിലെല്ലാം ഒരു പ്രധാന ഇടനിലക്കാരനായി NICDC പ്രവർത്തിക്കുന്നു.

## എന്താണ് വ്യവസായിക ഇടനാഴി (Industrial Corridor)

വ്യവസായ വികസനം ലക്ഷ്യമാക്കി ഒരു പ്രത്യേക ഭൂമിശാസ്ത്ര മേഖലയിൽ അനുവദിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന ചെലവുകളുടെ (Infrastructure Development Costs) ഒരു പാക്കേജാണ് വ്യവസായിക ഇടനാഴി.

## നേട്ടങ്ങൾ

(1) വ്യവസായവും അടിസ്ഥാന സൗകര്യങ്ങളും ഫലപ്രദമായി സംയോജിപ്പിച്ച് വ്യവസായ ഇടനാഴികൾ ഉണ്ടാകുകയും അത് മൊത്തത്തിലുള്ള സാമ്പത്തിക സൗകര്യ വികസനത്തിനിടയാക്കുകയും ചെയ്യുന്നു.

(2) ലോകോത്തര നിലവാരം ഉള്ളതും വളരെ വേഗതയുള്ളതുമായ റോഡ് റെയിൽവേ ശൃംഖല വ്യവസായിക ഇടനാഴിയുടെ സ്ഥാപനത്തിലൂടെ കഴിയുന്നു.

(3) ആധുനിക വിമാനത്താവളങ്ങൾ സജ്ജമാകുന്നു.

(4) പ്രത്യേക സാമ്പത്തിക സോണുകളും (SEZs) വ്യവസായ പ്രദേശങ്ങളും (Industrial Area) ഉണ്ടാകുന്നു.

(5) ലൊജിസ്റ്റിക് പാർക്കുകൾ (Logistics Parks) ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബ് (Trans shipment Hub) എന്നിവ നിലവിൽ വരുന്നു.

(6) അനുബന്ധമായി ടൗൺഷിപ്പുകൾ, റിയൽ എസ്റ്റേറ്റുകൾ എന്നിവ രൂപപ്പെടുന്നു

(7) ഗ്രാമപ്രദേശങ്ങളും നഗരപ്രദേശങ്ങളും തമ്മിൽ ബന്ധം സൃഷ്ടിക്കുകയും അതുവഴി നഗരവത്കരണം കൂടുകയും ചെയ്യുന്നു



## സാമ്പത്തിക പ്രാധാന്യം (Economic Importance)

ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഉത്പാദന മേഖലയുടെ മത്സരക്ഷമത (Competitiveness) വർദ്ധിപ്പിക്കുക എന്നതാണ് വ്യവസായ ഇടനാഴിയുടെ പ്രധാന ലക്ഷ്യം. സാമ്പത്തിക വികസനമാണ് (Economice Development) വ്യവസായ ഇടനാഴിയുടെ പ്രാഥമിക ലക്ഷ്യം. രാജ്യത്തെ വ്യവസായ ഉത്പാദനം മൂന്ന് മടങ്ങും കയറ്റുമതി നാലു മടങ്ങും വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഇതിന്റെ പരമപ്രധാനമായ ലക്ഷ്യം.

## കേരളത്തിന്റെ സൂപ്പർ ഹൈവേ

കേരളം കാത്തിരുന്ന വൻകിട പദ്ധതിയായ കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു. 3806 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന പാലക്കാട് വ്യവസായ നഗരം പൂർത്തിയാകുന്നതോടെ ഏകദേശം 51,000 തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 12 വ്യവസായ ഹബ്ബുകളിൽ ഏറ്റവും കൂടുതൽ നിക്ഷേപമുള്ള രണ്ടാമത്തെ ഹബ്ബ് പാലക്കാടാണ്. 1710 ഏക്കർസ്ഥലത്ത് പദ്ധതി നടപ്പാക്കുമ്പോൾ 8729 കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. മെഡിക്കൽ, കെമിക്കൽ, ബൊട്ടാണിക്കൽ ഉൽപ്പന്നങ്ങൾ, ലോഹേതര ധാതു ഉൽപ്പന്നങ്ങൾ, ഫാബ്രിക്കേറ്റഡ് ഉൽപ്പന്നങ്ങൾ, റബ്ബർ - പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, യന്ത്രങ്ങളും ഉപകരണങ്ങളും ഉൾപ്പെടെ വൈവിധ്യമാർന്ന മേഖലകളിൽ പാലക്കാട് വ്യവസായ നഗരം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര, പുതുശ്ശേരി എന്നിവിടങ്ങളിലാണ് വ്യവസായിക നഗരത്തിനായി ഭൂമി തെരഞ്ഞെടുത്തതെങ്കിലും ഈ പദ്ധതിയുടെ നേട്ടം സംസ്ഥാനത്തിനൊട്ടാകെ ആയിരിക്കും. കേരളത്തിന്റെ വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വലിയ പ്രതീക്ഷയാണ് കൊച്ചി - ബാംഗ്ലൂർ ഇടനാഴി. കൊച്ചി മുതൽ പാലക്കാട് വരെയുള്ള 160 കിലോമീറ്ററിൽ 6 വ്യവസായ ക്ലസ്റ്റർ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഈ ഇടനാഴിയിൽ ആരംഭിക്കുന്ന സംരംഭങ്ങൾ ഏകജാലക സംവിധാനത്തിലൂടെ അതിവേഗം അനുമതി നൽകാനാണ് ലക്ഷ്യമിടുന്നത്. 2027-ൽ പാലക്കാട് വ്യവസായിക നഗരം പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ. കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്ന ഒരു സൂപ്പർ ഹൈവേ പോലെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## കേന്ദ്ര-സംസ്ഥാന പങ്കാളിത്തം

കൊച്ചി മുതൽ പാലക്കാട് ജില്ലയുടെ അതിർത്തിയായ പുതുശ്ശേരി വരെ ദേശീയപാതയോരത്ത് 160 കിലോമീറ്റർ ദൂരം 50% വീതം കേന്ദ്ര - സംസ്ഥാന ഫണ്ടുകൾ ഉപയോഗപ്പെടുത്തിയാണ് പാലക്കാട് വ്യവസായ നഗരം പദ്ധതി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ പുതുശ്ശേരിയാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്. സേലം



# വ്യവസായി ഇടനാഴി –നാൾവഴി

വളരെ കൃത്യമായി സംസ്ഥാന സർക്കാരിന്റെ ഓരോ ഘട്ടങ്ങളിലുമുള്ള ഇടപെടലുകളാണ് ഇടനാഴി എന്ന വൻകിട പദ്ധതി കേരളത്തിന് ലഭിക്കാൻ സഹായകരമായത്.

(1) **2019 ആഗസ്റ്റ് 30 :** ചെന്നൈ ബാംഗ്ലൂർ വ്യവസായി ഇടനാഴി കൊച്ചിയിലേക്ക് നീട്ടി കൊച്ചി ബാംഗ്ലൂർ വ്യവസായ നടനാഴി നിർമിക്കാൻ എൻഐസിഡിറ്റി അംഗീകാരം നൽകി.

(2) **2020 സെപ്റ്റംബർ 18 :** പാലക്കാട് പുതുശ്ശേരി സെൻട്രൽ പുതുശ്ശേരി ഈസ്റ്റ് കണ്ണമ്പ്ര എന്നീ മൂന്ന് മേഖലകളിലായി പാലക്കാട് ഏകീകൃത ഉത്പാദന ക്ലസ്റ്റർ നിർമിക്കാനുള്ള ഡിപി ആർ തയ്യാറാക്കാനുള്ള കൺസൾട്ടൻസി എൻഐസിഡിസിക്ക് ലഭിച്ചു

(3) **2020 ഒക്ടോബർ 22 :** ബഹു മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കിൻഫ്രയും എൻഐസിഡിസിയും തമ്മിൽ ഓഹരി അടിസ്ഥാനത്തിലുള്ള കരാർ ഒപ്പുവച്ചു

(4) **2021 ജനുവരി 12 :** പദ്ധതി നടത്തിപ്പിനു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ആദ്യഘട്ട വിഹിതമായി കിഫ്ബി 346 കോടി രൂപ കിൻഫ്രയ്ക്ക് കൈമാറി

(5) **2021 ഏപ്രിൽ 21** : സംസ്ഥാന സർക്കാരിന്റെയും (കിൻഫ്ര) കേന്ദ്രസർക്കാരിന്റെയും (NICDIT) സംയുക്ത പദ്ധതിയായി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് കോർപ്പറേഷൻ രൂപീകരിച്ചു

(6) **2021 നവംബർ 18 :** കേന്ദ്രമന്ത്രി പിയുഷ് ഗോയലിനെ ഡൽഹിയിൽ സന്ദർശിച്ച് കോറിഡോർ സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിവേദനം നൽകി

(7) **2002 ജൂൺ 6 :** ബാംഗ്ലൂർ ഇടനാഴി തിരുവനന്തപുരത്തേക്ക് നീട്ടണമെന്നാവശ്യം ഇൻവെസ്റ്റേഴ്സ് റൗണ്ട് ടേബിൾ കോൺഫറൻസിൽ വച്ച് കേന്ദ്ര മന്ത്രി പിയുഷ് ഗോയലിനോട് വ്യവസായ മന്ത്രി ശ്രീ. പി. രാജീവ് ഉന്നയിച്ചു

(8) **2022 ജൂലൈ 7 :** കൊച്ചി ബാംഗ്ലൂർ വ്യവസായി ഇടനാഴിയുടെ 85% സ്ഥലവും ഏറ്റെടുത്തതായി വ്യവസായ മന്ത്രി പി രാജീവ് എൻഐസിഡിസി പ്രോഗ്രാം അതോറിറ്റിയെ അറിയിച്ചു

(9) **2022 ഒക്ടോബർ 17:** കണ്ണമ്പ്ര, പുതുശ്ശേരി മേഖലയിലെ ഏകീകൃത ക്ലസ്റ്ററിന് ടെക്നിക്കൽ അംഗീകാരം നൽകണമെന്ന് നെറ്റ് വർക്ക് പ്ലാനിങ് ഗ്രൂപ്പ് ശുപാർശ ചെയ്തു

(10) **2022 ഡിസംബർ 14 :** 3815 കോടി രൂപ ചിലവ് വരുന്ന പാലക്കാട് ഏകീകൃത ഉത്പാദന ക്ലസ്റ്ററിന് നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് ആൻഡ് ഇംപ്ലിമെന്റേഷൻ ബോർഡ് അംഗീകാരം നൽകി .ഇത് നിർമ്മിക്കുന്നതിന് കരാർ അനുസരിച്ച് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ 1789.92 കോടി രൂപയുടെ നിക്ഷേപം നടത്താനും നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് തീരുമാനിച്ചു

(11) **2024 ഫെബ്രുവരി 15 :** കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് പുതുശ്ശേരി ഏകീകൃത ഉത്പാദന ക്ലസ്റ്ററിന് നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി ലഭിച്ചു

(12) **2024 ജൂൺ 28 :** കേന്ദ്ര വ്യവസായ മന്ത്രി ശ്രീ പിയൂഷ് ഗോയലിനെ സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി ശ്രീ പി രാജീവ് ഡൽഹിയിൽ സന്ദർശിച്ച് വ്യവസായി ഇടനാഴിക്കുള്ള അംഗീകാരം ഉടൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം സമർപ്പിച്ചു. പദ്ധതിയുടെ ഭാഗമായ ഗ്ലോബൽ സിറ്റിക്ക് അനുമതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു.

(13) **2024 ആഗസ്റ്റ് 27:** വ്യവസായ ഇടനാഴി പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കണമെന്ന് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയെ സന്ദർശിച്ച് ആവശ്യപ്പെട്ടു.

(14) **2024 ആഗസ്റ്റ് 28 :** പദ്ധതിക്ക് അംഗീകാരം ലഭിച്ചു

– കൊച്ചി ദേശീയപാതയോട് ചേർന്ന ഭാഗമാണിത് എന്ന് പ്രത്യേകതയുമുണ്ട്. കൊച്ചി തുറമുഖം അകലെയല്ലാത്തതും റെയിൽവേ വ്യോമഗതാഗത സൗകര്യങ്ങളുടെ സാമീപ്യവും പാലക്കാടിന് നേട്ടമായി. 1710 ഏക്കർ ഭൂമിയാണ് ഇതിന് ആവശ്യം. 3806 കോടി രൂപയാണ് പാലക്കാട് വ്യവസായ നഗരം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന പ്രതീക്ഷിത ചെലവ്.

DMICDC
DELHI MUMBAI INDUSTRIAL CORRIDOR DEVELOPMENT CORPORATION
India Reimagined

കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായ പാലക്കാട് വ്യവസായനഗരം പദ്ധതിയിൽ പരിസ്ഥിതിക്ക് അനുയോജ്യമായ വ്യവസായങ്ങൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ പുതുശ്ശേരി സെൻട്രലിൽ 1137 ഏക്കറും പുതുശ്ശേരി വെസ്റ്റിൽ 240 ഏക്കറും കണ്ണമ്പ്രയിൽ 313 ഏക്കറും ഇതിനായി ഏറ്റെടുത്ത് കഴിഞ്ഞു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് തുല്യപങ്കാളിത്തമുള്ള കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് കോർപ്പറേഷൻ എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആഗോള നിലവാരത്തിലുള്ള ഗ്രീൻഫീൽഡ് സ്മാർട്ട് സിറ്റി ആയിട്ടാകും പാലക്കാട് വ്യവസായ നഗരം ഉയരുന്നത്. പദ്ധതി പൂർണ്ണമാകുന്നതോടുകൂടി 51000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ആഗോള ടെൻഡർ നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ച് കഴിഞ്ഞു. പുതിയതായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 12 സ്മാർട്ട് വ്യവസായ നഗരങ്ങളിൽ നിക്ഷേപത്തിന്റെ കാര്യത്തിൽ പാലക്കാടിന് രണ്ടാം സ്ഥാനമാണ്. വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പാലക്കാട് വ്യവസായ നഗരം പദ്ധതി സഹായകരമാകുന്നതാണ്. ദേശീയപാതയിലൂടെ പാലക്കാട് നിന്ന് കോയമ്പത്തൂരിലേക്ക് പോകുമ്പോൾ വലതുവശത്താണ് നിലവിലെ കഞ്ചിക്കോട് വ്യവസായ മേഖല. ഈ ദേശീയപാതയുടെ ഇടതു വശത്താണ് കൊച്ചി ബാംഗ്ലൂർ ഇടനാഴിയുടെ ഭാഗമായ പാലക്കാട് വ്യവസായ നഗരം പദ്ധതി ആരംഭിക്കുന്നത്. കഞ്ചിക്കോട് വ്യവസായ മേഖലയും പാലക്കാട് വ്യവസായ നഗരവും കൂടി ചേരുമ്പോൾ ഏകദേശം 4000 ഏക്കർ വ്യവസായ മേഖലയായി മാറുന്നതാണ്. കേരളത്തിലെ തന്നെ ഏറ്റവും വലിയ വ്യവസായ സോണായി പാലക്കാട് മാറും. ആഗോള നിലവാരത്തിലുള്ള സംരംഭങ്ങളാണ് നിർദിഷ്ട വ്യവസായ നഗരത്തിൽ പ്രതീക്ഷിക്കുന്നത്. വ്യവസായ നഗരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സംസ്ഥാന






സർക്കാർ ശക്തമായ ഇടപെടലുകളാണ് നടത്തുന്നത്. പദ്ധതിയുടെ ഭാഗമായി പുതുശ്ശേരി വെസ്റ്റിലും കണ്ണമ്പ്രയിലും ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് ഊന്നൽ നൽകുന്ന വ്യവസായങ്ങൾ ആണ് പ്രധാനമായും വരിക. കാർഷിക ഉൽപ്പന്നങ്ങളായ നെല്ല്, നാളികേരം, നേന്ത്രക്കായ എന്നിവയുടെ സംസ്കരണത്തിനും മൂല്യ വർധ ഉത്പന്നങ്ങളുടെ വിപണത്തിനും ഇവ സഹായകരമാകും. പുതുശ്ശേരി സെൻട്രലിൽ ഫാർമസ്യൂട്ടിക്കൽ മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്നതാണ്. കണ്ണമ്പ്ര കേന്ദ്രീകരിച്ച് റബ്ബർ അനുബന്ധ വ്യവസായങ്ങളും സ്ഥാപിക്കുന്നതാണ്. നിർദ്ദിഷ്ട വ്യവസായ നഗരം പദ്ധതി യാഥാർഥ്യമാകുന്നതോടൊപ്പം കഞ്ചിക്കോട് വ്യവസായ മേഖലയെ പുനരുജീവിപ്പിക്കുന്നതാണ്

## കേരളം കൂടുതൽ സ്മാർട്ട് ആകും

ബാംഗ്ലൂർ – കൊച്ചി വിഴിഞ്ഞം തുറമുഖ പദ്ധതി ബാംഗ്ലൂർ കൊച്ചി വ്യവസായി ഇടനാഴിയുടെ ഭാഗമായിട്ടുള്ള കൊച്ചി ഗ്ലോബൽ സിറ്റി, കോഴിക്കോട് ഗ്രീൻഫീൽഡ് നാഷണൽ ഹൈവേ, ഭാരത് മാല പരിയോജന പദ്ധതി, കൊല്ലം – പുനലൂർ – നെടുമങ്ങാട് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് വിഴിഞ്ഞം എക്കണോമിക് ഗ്രോൺ ട്രയാങ്കിൾ എന്നിവയെല്ലാം കേരളത്തിന്റെ മുഖച്ഛായ മറ്റും. ഈ പദ്ധതികളെല്ലാം യാഥാർത്ഥ്യമാകുമ്പോൾ റോഡ്, റെയിൽവേ, കപ്പൽ, വിമാന ഗതാഗത മാർഗ്ഗങ്ങൾ വികസിക്കുന്നതാണ്. അടുത്ത് തുറമുഖങ്ങളും വിമാനത്താവളങ്ങളുമായി നേരിട്ട് ബന്ധിപ്പിക്കുന്ന ദേശീയപാതകൾ എത്തുന്നതോടെ പൊതു ഗതാഗതവും ചരക്ക് – സേവന ഗതാഗതവും ഒരേപോലെ വികസിക്കുന്നതാണ്. തമിഴ്നാട്ടിലെ തൂത്തുക്കുടി കൊച്ചി തുറമുഖങ്ങളുടെ റോഡ് ഗതാഗത സൗകര്യങ്ങൾ വർധിക്കുന്നതാണ്. ഇതോടൊപ്പം കോയമ്പത്തൂർ, നെടുമ്പാശ്ശേരി, കരിപ്പൂർ വിമാനത്താവളങ്ങളിൽ എളുപ്പത്തിൽ എത്തിച്ചേരാനുള്ള ഗതാഗത സൗകര്യങ്ങളും ലൊജിസ്റ്റിക് സംവിധാനങ്ങളും കൂടുതൽ വികസിക്കുന്നതാണ്.

ദേശീയ വ്യവസായിക ഇടനാഴി വികസന പരിപാടി ഇന്ത്യയുടെ വ്യവസായ ഭൂപ്രകൃതിയെ പുനർ നിർമ്മിക്കുന്നതിനും ഒരു ആഗോള ഉൽപാദന ശ്രദ്ധാകേന്ദ്രമായി വളർത്തുന്നതിനുള്ള ഒരു പരിവർത്തന സംരംഭത്തെ പ്രതിനിധാനം ചെയ്യുന്നു. കേരളത്തിൽ പാലക്കാട് ഉൾപ്പെടെയുള്ള 12 പുതിയ വ്യവസായിക നോഡുകൾക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചത് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സുസ്ഥിരമായ വികസനം മുന്നോട്ട് കൊണ്ടുപോകുന്നതിനും സഹായകരമാകുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന്റെ വ്യവസായിക മുന്നേറ്റത്തിന് മറ്റൊരു പൊൻതിളക്കം ആയി മാറാൻ പാലക്കാട് വ്യവസായ നഗരം സഹായകരമാകുന്നതാണ്

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിലെ മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ**



# മഴവെള്ളപാത്തി ക്ലാമ്പ് നിർമ്മാണം

**ബൈജു നെടുങ്കേരി**

കേരളം കൂടുതൽ വ്യവസായ സൗഹൃദമായിക്കഴിഞ്ഞു. സംസ്ഥാനത്ത് വ്യവസായ പരാതി പരിഹാര കമ്മറ്റികളും ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. സിവിൽ കോടതിയുടെ അധികാരങ്ങളോടെയാണ് കമ്മറ്റിയുടെ പ്രവർത്തനം. വ്യവസായികൾക്ക് എതിരെയുള്ള പരാതികൾക്ക് പ്രാമുഖ്യം ലഭിച്ചിരുന്ന നാട്ടിലാണ് ഇപ്പോൾ വ്യവസായികളുടെ പരാതികൾ കേൾക്കാനും പരിഹരിക്കാനും സർക്കാർ അവസരം ഒരുക്കിയിരിക്കുന്നത്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചതോടെ വ്യവസായം ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ ആത്മവിശ്വാസവും വർദ്ധിച്ചു. പ്രാഥമിക നിക്ഷേപങ്ങൾ നടത്തിയതിനു ശേഷം ലൈസൻസുകൾ ലഭിച്ചില്ലെങ്കിൽ എന്തുചെയ്യും എന്നുള്ള ആശങ്കയ്ക്കും വിരാമമായി. വ്യവസായങ്ങൾക്ക് ആവശ്യമായ അനുമതികളോ ലൈസൻസുകളോ അകാരണമായി

വൈകുന്നുണ്ടെങ്കിൽ സംരംഭകന്  ടി കമ്മറ്റിയെ സമീപിക്കാവുന്നതാണ്. പരാതി നൽകിയാൽ 30 ദിവസത്തിനകം പരിഹാരം ലഭ്യമാക്കാൻ കമ്മറ്റിക്ക് കഴിയും. വ്യവസായ സംരഭകേരളം കെട്ടിപ്പടുക്കുന്നതിന് നാഴികക്കല്ലാണ് ഈ നിയമം. കേരളത്തിൽ കൂടുതൽ മുതൽ മുടക്കുന്നതിന് സംരംഭകർക്ക് കരുത്താവുന്നതാണ് ഈ തീരുമാനം.

കേരളത്തിൽ ധരാളമായി ഉപയോഗിക്കപ്പെടുന്നതും കേരളത്തിൽ അധികം ഉൽപാദനം ഇല്ലാത്തതുമായ ഉൽപ്പന്നമാണ് മഴവെള്ളപാത്തിക്ലാമ്പ്.

## മഴവെള്ളപാത്തി ക്ലാമ്പ്

അലൂമിനിയം മേച്ചിൽ ഷീറ്റുകൾ, ഗാൽവനൈസ്ഡ് അയൺ മേച്ചിൽ ഷീറ്റുകൾഎന്നിവ ഉപയോഗിച്ച് റൂഫിംഗ് നടത്തുമ്പോൾ വെള്ളം ശേഖരിക്കുന്ന പാത്തികൾ ഉറപ്പിക്കുന്നതിനാണ് പാത്തിക്ലാമ്പുകൾ ഉപയോഗിക്കുന്നത് 8 ഇഞ്ച്, 6 ഇഞ്ച് എന്നിങ്ങനെ രണ്ട് അളവുകളിലാണ് പ്രധാനമായും പാത്തി ക്ലാമ്പുകൾ നിർമ്മിക്കുന്നത്. ഇരുമ്പ് പട്ടകൾ ഉപയോഗിച്ചാണ് പാത്തിക്ളാമ്പുകൾ നിർമ്മിക്കുന്നത്.

## സാധ്യതകൾ

കേരളത്തിൽ മഴക്കാലം കൂടുതൽ ഉള്ളതിനാൽ കെട്ടിടങ്ങൾക്ക് ഷീറ്റ് റൂഫിംഗ് നടത്തുന്നത് ഇപ്പോൾ സാധാരണമാണ് . കൂടാതെ ഫാക്ടറികൾ, ഗോഡൗണുകൾ, ഷെഡ്ഡുകൾ എന്നിവ നിർമ്മിക്കുന്നതും റൂഫിംഗ് ഷീറ്റുകൾ ഉപയോഗിച്ചാണ്. പൊതുവേ കേരളത്തിൽ റൂഫിംഗ് വ്യവസായം പുരോഗതിയിലാണ്. ഇത്തരം റൂഫിംഗുകളിലെല്ലാം മഴവെള്ള പാത്തിയും അതുറപ്പിക്കുന്നതിനുള്ള ക്ലാമ്പും ആവശ്യമുണ്ട്. പാത്തി ക്ലാമ്പ് ഭൂരിപക്ഷവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് എത്തുന്നത്. അതുകൊണ്ട് തന്നെ കേരളത്തിൽ പാത്തി ക്ലാമ്പുകളുടെ നിർമ്മാണത്തിന് സാധ്യതയുണ്ട് . അസംസ്കൃത വസ്തുവായ ഇരുമ്പ് പട്ട കേരളത്തിൽ സുലഭമായി ലഭ്യമാണ്. അടുത്തുള്ള ഇരുമ്പ് ഉരുക്ക് കേന്ദ്രങ്ങളിൽ നിന്നും ലോഡ് കണക്കിന് പട്ട വാങ്ങുകയുമാകാം. യന്ത്രസഹായത്തോടെ ക്ലാമ്പ് നിർമ്മിക്കുന്നതിനാൽ മനുഷ്യാദ്ധ്വാനം കുറവാണ്.

## മാർക്കറ്റിംഗ്

ഹാർഡ്‌വെയർ ഉൽപന്നങ്ങളുടെ മൊത്തവിതരണക്കാർക്ക് നൽകുന്നതാണ് ഒന്നാമത്തെ മാർക്കറ്റിംഗ് രീതി. റൂഫിംഗ് ഷീറ്റ്, പൈപ്പ് എന്നിവ വിൽക്കുന്ന കടകളിൽ നേരിട്ട് എത്തിച്ച് നൽകുകയുമാകാം. റൂഫിംഗ് കോൺട്രാക്ടേഴ്സിന് നേരിട്ട് എത്തിച്ച് നൽകുന്ന രീതിയും അവലംബിക്കാം.



## നിർമ്മാണരീതി

മൈൽഡ് സ്റ്റീൽ (എം എസ്സ്) പട്ടകളാണ് പാത്തി ക്ലാമ്പുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. 19 mm വീതിയുള്ള 3 mm കനമുള്ള പട്ടകളാണ് ഇവ. 6 ഇഞ്ച്, 8 ഇഞ്ച് വിസ്താരത്തിലാണ് വിപണിയിൽ മഴവെള്ളപാത്തികൾ എത്തുന്നത്. അതിന് അനുസൃതമായി അതേ അളവുകളിലാണ് പാത്തി ക്ലാമ്പുകൾ നിർമ്മിക്കുന്നത്. ക്ലാമ്പുകളുടെ നിർമ്മാണത്തിന് ആവശ്യമായ നീളത്തിൽ പട്ട മുറിച്ചെടുക്കും. തുടർന്ന് ഹൈഡ്രോളിക് പ്രസ്സിംഗ് യന്ത്രം ഉപയോഗിച്ച് പ്രസ്സ് ചെയ്ത് പട്ടയെ ക്ലാമ്പ് രൂപത്തിലാക്കും. ഹൈഡ്രോളിക് പ്രസ്സിംഗ് യന്ത്രത്തിൽ മഴവെള്ള പാത്തിയുടെ വലുപ്പത്തിനും ഷേപ്പിനും അനുസരിച്ചുള്ള ഡൈ ആണ് സെറ്റ് ചെയ്യുക. ഒരു ദിവസം ഏറ്റവും ചുരുങ്ങിയത് 3000 ക്ലാമ്പുകൾ വരെ നിർമ്മിക്കാൻ കഴിയും.

## യന്ത്രങ്ങൾ പരിശീലനം

മഴവെള്ള പാത്തി ക്ലാമ്പ് നിർമ്മിക്കുന്നതിനുള്ള യന്ത്രവും സാങ്കേതിക പരിശീലനവും പിറവം അഗ്രോപാർക്കിൽ ലഭിക്കും. 0485- 2999990

### മൂലധനനിക്ഷേപം

| | | |
|---|---|---|
| 1) ഹൈഡ്രോളിക് പ്രസ്സിംഗ് യന്ത്രം | - | 350000 |
| 2) അനുബന്ധ സംവിധാനങ്ങൾ | - | 25000 |
| **ആകെ** | **-** | **375000** |
| പ്രവർത്തന മൂലധനം | - | 100000 |

## പ്രവർത്തന വരവ് ചിലവ് കണക്ക്

### ചിലവ്

| | | | |
|---|---|---|---|
| 1) പട്ട | - 1350 kg x 50 | - | 67500 |
| 2) ഇലക്ട്രിസിറ്റി അനുബന്ധ ചിലവുകൾ | | - | 1000 |
| 3) വേതനം | | - | 1000 |
| **ആകെ** | | **-** | **69500** |

### വരവ്

പ്രതിദിനം 3000 പാത്തി ക്ലാമ്പുകൾ വിറ്റഴിക്കുമ്പോൾ ലഭിക്കുന്നത്

ഒരു ക്ലാമ്പിന് ഉല്പാദകന് ലഭിക്കുന്നത് - 30.00

3000 x 30.00 = 90000.00

### ലാഭം

90000 - 69500 = 20500.00

## ലൈസൻസ് സബ്സിഡി

ഉദ്യം രജിസ്ട്രേഷൻ, കെ സ്വിഫ്റ്റ്, ജി എസ് ടി രജിസ്ട്രേഷൻ എന്നിവ നേടി വ്യവസായം ആരംഭിക്കാം. പദ്ധതി തുകയ്ക്ക് ആനുപാതികമായി സബ്സിഡി ലഭിക്കും.





# രജത ശോഭയിൽ കേരളം




**എഴുമാവിൽ രവീന്ദ്രനാഥ്**




ദൈവത്തിന്റെ സ്വന്തം നാട് വീണ്ടും ഒരു അന്താരാഷ്ട്ര പ്രദർശന വേദിയിൽ പുരസ്കാര നിറവോടെ നിൽക്കുന്നു. രാജ്യത്തെ ഏറ്റവും വലിയ പ്രദർശനമായ ഇന്ത്യ അന്തർദേശീയ വ്യാപാരമേളയുടെ നാല്പത്തിമൂന്നാമത് എഡിഷൻ മലയാളക്കരയുടെ യശസ്സ് ഏഴ് കടലിനുമപ്പുറമെത്തിച്ചുകൊണ്ട് സമ്പൂർണ്ണമായി.

രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ പൊലിമ, സാംസ്കാരിക പാരമ്പര്യത്തിന്റെ ഗരിമ എന്നിവ ആഗോളതലത്തിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1980 മുതൽ ഐടിപി ഓ തലസ്ഥാന നഗരിയിലെ വിഖ്യാത പ്രദർശന കേന്ദ്രമായ പ്രഗതി മൈതാനിൽ (ഭാരത് മണ്ഡപ്) സംഘടിപ്പിച്ചുവരുന്ന ഐഐറ്റിഎഫ്, ഓരോ വർഷം ചെല്ലുംതോറും അതിന്റെ സ്വാധീനം ലോകരാഷ്ട്രങ്ങളിൽ വർദ്ധിപ്പിച്ചുകൊണ്ട് മുന്നേറുകയാണ്. ചൈന, ഈജിപ്റ്റ്, ഇറാൻ, കിർഗിസ്ഥാൻ, ലബനൻ, സൗത്ത് കൊറിയ, സ്വീഡൻ, തായ്‌ലൻഡ്,










KERALA No.1

Information & Public Relations Department
Government of Kerala

iitf 2024

CERTIFICATE
OF EXCELLENCE
INDIA INTERNATIONAL TRADE FAIR -2024

This is to certify that the Directorate of Coir Development has been adjudged the Best Exhibitor in recognition to their outstanding performance and exemplary contribution to the Kerala Pavilion in the India International Trade Fair 2024 held from November 14 - 27 at Pragati Maidan, New Delhi. The Department of Information and Public Relations, Government of Kerala appreciates its participation and performance in the event. We extend our heartfelt congratulations and appreciation for their dedication and contribution to the success of this event.

New Delhi
27/11/ 2024

for Director
Information & Public
Relations Department
Government of Kerala


KERALA No.1

Information & Public Relations Department
Government of Kerala

iitf 2024

CERTIFICATE
OF EXCELLENCE
INDIA INTERNATIONAL TRADE FAIR -2024

This is to certify that Directorate of Industries and Commerce has been adjudged the Second Best Exhibitor in recognition to their outstanding performance and exemplary contribution to the Kerala Pavilion in the India International Trade Fair 2024 held from November 14-27 at Pragati Maidan, New Delhi. The Department of Information and Public Relations, Government of Kerala appreciates its participation and performance in the event. We extend our heartfelt congratulations and appreciation for their dedication and contribution to the success of this event.

New Delhi
27/11/ 2024

for Director
Information & Public
Relations Department
Government of Kerala

ടുണീഷ്യ തുടങ്ങി നിരവധി രാജ്യങ്ങളും 299 വിദേശ കമ്പനികളും 25 വിദേശ ഉൽപ്പന്നങ്ങളും ആഗോള സാന്നിധ്യം വ്യക്തമാക്കിയ മേളയിൽ 33 സംസ്ഥാനങ്ങൾ/ യൂണിയൻ ടെറിട്ടറികൾ, 49 മന്ത്രാലയങ്ങൾ/ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം വിളംബരം ചെയ്തുകൊണ്ട് മേളയിൽ നിറസാന്നിധ്യമായി. കനത്ത സുരക്ഷ സജീകരണങ്ങളോടെയും കമനീയമായ ഡിസൈനിങ്ങിലൂടെയും തയ്യാറാക്കിയ 1,07,000 ചതുരശ്ര മീറ്റർ വിസ്തൃതിയാർന്ന പ്രദർശന നഗരയിൽ ഒരു ദശലക്ഷത്തിലേറെ സന്ദർശകരാണ് എത്തിച്ചേർന്നത്. 3500 പ്രദർശന കേന്ദ്രങ്ങൾ വർണ്ണവൈവിധ്യങ്ങളും, താളമേളങ്ങളും, സുഗത സംഗീതം കൊണ്ടും കാണികളെ വിസ്മയഭരിതരാക്കി.

നാരീശക്തി നാടിൻറെ നേട്ടത്തിനെന്ന മഹത് സന്ദേശവുമായി കുടുംബശ്രീ യൂണിറ്റുകളാണ് കേരളത്തിന്റെ അഭിമാനമായി മാറിയത്. കഥകളിയുടെയും, കലകളുടെയും, കളരിപ്പയത്തിന്റെയും മാത്രമല്ല, കറിക്കൂട്ടുകളുടെയും കൈപ്പുണ്യത്തിന്റെയും നാടു കൂടിയാണ് കേരളമെന്ന് വിളിച്ചോതിക്കൊണ്ട് നിരവധി സംരംഭങ്ങൾ തങ്ങളുടെ തകർപ്പൻ ഉൽപ്പന്നങ്ങളുമായി മേളയിൽ അണിനിരന്നു. തിരുവനന്തപുരത്തുനിന്നും ആതിര ഹെർബൽസ്, കാർത്തിക ചിപ്സ്, കൊല്ലത്തുനിന്നും ഗ്രേസ് ഫുഡ് പ്രോഡക്റ്റ്സ്, അട്ടപ്പാടിയിൽ നിന്നും മധുവാണി മില്ലറ്റ്, പാലക്കാട് നിന്നും ശ്രീ ഹാൻഡ്‌ലൂംസ് എന്നിവ ഉദാഹരണങ്ങൾ മാത്രം. കേരള പവലിയൻ കൂടാതെ ഐഐറ്റിഎഫ് ഫുഡ് കോർട്ടിലും കുടുംബശ്രീയുടെ രണ്ട് ഭക്ഷണശാലകൾ രുചിയുടെ മലയാൺമ പകർന്നു. സൗപർണിക (കോഴിക്കോട്), ലക്ഷ്യ (എറണാകുളം) എന്നിവയായിരുന്നു നാടൻ ഭക്ഷണപ്രിയരുടെ നാവുകൾക്ക് നാളിതുവരെ അനുഭവവേദ്യമല്ലാത്ത സ്വാദൊരുക്കിയത്. ഉപ്പേരികളും, ശർക്കര വരട്ടിയും, കറിപ്പൊടികളും, മസാലക്കൂട്ടും, കൈത്തറിയുൽപ്പന്നങ്ങളും, നാടൻ വസ്ത്രങ്ങളും സ്വന്തമാക്കാൻ വനിതാ ഉപഭോക്താക്കൾ ഏറെയെത്തിയത് കേരള പവലിയനിലേക്കായിരുന്നു. ഉത്തരേന്ത്യൻ രുചിക്കൂട്ടുകളെക്കാൾ മാവേലി നാടിന്റെ രസക്കൂട്ടുകൾ മറുനാടിനും നന്നേ പിടിച്ചു.

2047 ഓടെ സമ്പൂർണ്ണമായും വികസിതമായ ഭാരതം എന്ന ലക്ഷ്യം ലോകജനതയ്ക്ക് മുന്നിൽ അവതരിപ്പിക്കുകയായിരുന്നു ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ തങ്ങളുടെ നാൽപത്തിമൂന്നാം എഡിഷനിലൂടെ വിഭാവനം ചെയ്തത്. നാടൻ ഉൽപ്പന്നങ്ങൾക്കായി നാവുയർത്തുക (വോക്കൽ ഫോർ ലോക്കൽ), നാടറിഞ്ഞ് നഗരവും കടന്ന് നാനാദിക്കലും പ്രചരിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടാൻ മേളയ്ക്ക് കഴിഞ്ഞു എന്ന് നിസ്സംശയം പറയാം. മൈസ് (മീറ്റിങ്ങ് ഇന്നവേഷൻസ്, കോൺഫറൻസസ്, എക്സിബിഷൻസ്) എന്നിവയിലൂന്നി സംരംഭകത്വ വികസനം ലക്ഷ്യമിട്ട് ഡൽഹി മേള ഇനി ബംഗളൂരു, മുംബൈ, ചെന്നൈ, ലക്നൗ, വാരണാസി, നോയിഡ തുടങ്ങിയ നഗരങ്ങളിലും അരങ്ങേറുമെന്ന് കേന്ദ്ര വാണിജ്യ മന്ത്രിയുടെ ഉദ്ഘാടന പ്രഖ്യാപനം സംരംഭകരിൽ ഏറെ ആവേശമാണ് ജനിപ്പിച്ചത്. നാടനുൽപ്പന്നങ്ങളുടെ പ്രചരണം, സൂക്ഷ്മമായ നവീനാശയങ്ങളുടെ സാക്ഷാൽക്കാരം, ആഗോള വിപണനം എന്നിവയ്ക്കായി സംസ്ഥാനങ്ങളിലെ വ്യവസായ മന്ത്രാലയങ്ങളുടെ സജീവമായ




പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടാണ് ഈ പുതിയ മുന്നേറ്റം.

ശുചിത്വവും ശുദ്ധിയും, ഗ്രാമീണ ഭാരതത്തിന്റെ മുഖമുദ്രയാക്കിക്കൊണ്ട് വികസനവും വിശുദ്ധിയും സാർവത്രികമാക്കുന്ന സ്വച്ഛഭാരത് പദ്ധതിയുമായി ബന്ധപ്പെട്ടാണ് മേളയിൽ കേരളത്തിന്റെ വെള്ളി ത്തിളക്കം. ഇതിൽ ഗോവ സ്വർണ്ണവും, ഹരിയാന വെങ്കലവും നേടി. പവലിയനുകളിൽ പുതുച്ചേരിക്ക് സ്വർണവും, മേഘാലയക്ക് വെള്ളിയും, കർണാട കത്തിന് വെങ്കലവും ലഭിച്ചു. വിദേശരാജ്യങ്ങളിൽ റിപ്പബ്ലിക് ഓഫ് ടുണീഷ്യ സ്വർണവും, ഈജിപ്ത് വെള്ളിയും, ടർക്കി റിപ്പബ്ലിക് വെങ്കലവും കരസ്ഥമാക്കി. വിവിധ മന്ത്രാലയങ്ങളിൽ ഗ്രാമ വികസനം സ്വർണത്തിനും, ഖാദി ഗ്രാമ വ്യവസായം വെള്ളിയ്ക്കും പഞ്ചായത്തീരാജ് വെങ്കലത്തിനും അർഹരായി. സ്വകാര്യ സംരംഭങ്ങളിൽ ജിന രഞ്ജിത്ത് ആൻഡ് സൺസ്, സുപ്രീം ഇൻഡസ്ട്രീസ്, അനന്ത ഡയറീസ് ലിമിറ്റഡ് എന്നിവ യഥാക്രമം സ്വർണം, വെള്ളി, വെങ്കലം പുരസ്കാരങ്ങൾ നേടി.

വ്യാപാരികൾക്കും സംരംഭകർക്കും എന്നും




ആവേശം പകരുന്ന മഹാ സംഭവങ്ങളായിരുന്നു മേളകൾ. നാട്ടുചന്തകൾ ആയിരുന്നു പ്രാചീനകാല വിപണന കേന്ദ്രങ്ങൾ. പിന്നീട് ആരാധനാലയങ്ങളിലെ തിരുവുത്സവങ്ങൾ വിൽപ്പന പ്രദർശന സമ്പ്രദായത്തിനു വഴി തുറന്നു. ഓണവും, വിഷുവും, ക്രിസ്മസും, ഈസ്റ്ററും, റമദാനുമൊക്കെ പ്രദർശന വിൽപ്പനയ്ക്കുള്ള അവസരങ്ങളായി പുതിയ കച്ചവട തന്ത്രങ്ങൾ ആവിഷ്കരിക്കപ്പെട്ടു. ഏതാണ്ട് പ തിനഞ്ചാം നൂറ്റാണ്ട് മുതൽ ഭാരതപ്പുഴയുടെ തീരമായ തിരുനാവായയിൽ അരങ്ങേറിയ മാമാങ്കം ആയിരുന്നു കേരളത്തിലെ പ്രാചീനകാല വാണിജ്യമേളകളിൽ ഏറ്റവും വലുതും പ്രൗഢവും. സംഭവമായ ഈ ഉത്സവത്തിൽ വച്ചാണല്ലോ സാമൂതിരി ചാവേറുകളെ അതിജീവിച്ച് തന്റെ അധികാരമുറപ്പിച്ചിരുന്നത്. കേരളത്തിൽ പരക്കെ വേലയും പൂരവും എന്ന ഉത്സവത്തോടനുബന്ധിച്ച് പ്രാദേശിക വിപണന മേളകൾ അരങ്ങേറിയിരുന്നു. ഓമല്ലൂർ വയൽ വാണിഭം, പാക്കിൽ സംക്രാന്തി വാണിഭം, തെള്ളിയൂർ വൃശ്ചിക വാണിഭം എന്നിങ്ങനെ ഒരു ഡസനിലേറെ ചെറുതല്ലാത്ത വാണിജ്യമേളകൾ പണ്ട് മുതൽക്കേ ഇവിടെ നടന്നുവന്നിരുന്നു. പ്രയാഗ്, ഹരിദ്വാർ, കുംഭകോണം തുടങ്ങിയ കേന്ദ്രങ്ങളിലെ കുംഭ മേളകളും ചെറുകിട സംരംഭങ്ങളുടെ വിളനില മായിരുന്നു കാലമേറെ മാറി. ശാസ്ത്ര സാങ്കേതികവിദ്യകൾ അന്ന് വികസിതമല്ലായിരു ന്നെങ്കിലും വിദഗ്ധരുടെ കഴിവും, ഉൽപന്നങ്ങളുടെ മികവും തേടി ഉപഭോക്താക്കൾ അന്നും സ്ഥലമറിഞ്ഞ് എത്തിയിരുന്നു. ഇന്ന് ഡിജിറ്റൽ മാർക്കറ്റിംഗും, ആർട്ടിഫിഷ്യൽ ഇന്റലിജൻസും വരെ വിപണി നയിക്കുന്നു. എന്തു മാറ്റങ്ങൾ വന്നാലും ഗുണമേന്മയുണ്ടെങ്കിൽ ഉൽപ്പന്നങ്ങൾ വിറ്റഴിയും. അതിനു താങ്ങായി പരസ്യങ്ങളും, പ്ലാറ്റ്ഫോമും വേണം. നമ്മുടെ വ്യവസായ വകുപ്പ് സംരംഭകർക്ക് നൽകിവരുന്ന കരുതലും കൈത്താങ്ങും ഭാവിയിലെ മേളകളിൽ നിരവധി പുരസ്കാര ജേതാക്കളെ രൂപ പ്പെടുത്താൻ സഹായകമാവട്ടെ.




രാജ്യത്തെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയെന്ന നേട്ടത്തിനൊപ്പം ഇന്ത്യയിലെ ഏറ്റവും മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളം മാറിയതിന് ശേഷമുള്ള ആദ്യത്തെ ഹഡിൽ കേരള ഗ്ലോബൽ സ്റ്റാർട്ടപ്പ് സംഗമമാണ് തിരുവനന്തപുരത്ത് നടന്നത്. ഒന്നാമത്തെ ഹഡിൽ കേരള പരിപാടിയിൽ ആകെ മൂവായിരത്തോളം പേരാണ് പങ്കെടുത്തിരുന്നതെങ്കിൽ ഇത്തവണ 3000 സ്റ്റാർട്ടപ്പുകൾ തന്നെ ഇതിന്റെ ഭാഗമാകുകയാണ് എന്നത് കേരളത്തിലെ സ്റ്റാർട്ടപ്പ് ശൃംഖലയുടെ വളർച്ച വ്യക്തമാക്കുന്നു. ഒപ്പം ഇത്തവണത്തെ പ്രതിനിധികളുടെ പങ്കാളിത്തം പതിനായിരം കടക്കുകയും ചെയ്യും.

വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെയുള്ള നിക്ഷേപകരും സ്റ്റാർട്ടപ്പ് മേഖലയിൽ മുൻനിരയിലുള്ളവരും ഗവേഷകരും മെന്റർമാരുമെല്ലാം പങ്കെടുക്കുന്ന പരിപാടി ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഹഡിൽ കേരള സ്റ്റാർട്ടപ്പ് സംഗമം കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഉത്സവമാകുന്നതിനൊപ്പം നമ്മുടെ സ്റ്റാർട്ടപ്പുകൾക്ക് പുത്തൻ അറിവുകളും ആശയങ്ങളും പുതിയ നിക്ഷേപങ്ങളുൾപ്പെടെ ലഭിക്കാനുള്ള വേദി കൂടിയാണ്. നൂതന സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗിക്കുന്നതിന്മേലുള്ള എക്സ്പോകളും ഭാവി സാധ്യതകളെക്കുറിച്ചുള്ള റൗണ്ട് ടേബിൾ കോൺഫറൻസുകളുമെല്ലാം ഇത്തവണ ഹഡിലിന്റെ ഭാഗമായിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ 3 ദിവസങ്ങളിലായി സംഘടിപ്പിച്ച ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് സംഗമങ്ങളിലൊന്നായ ഹഡിൽ ഗ്ലോബൽ കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റത്തിനും ജ്ഞാന സമ്പദ് വ്യവസ്ഥയിലേക്കുള്ള മാറ്റത്തിനും സ്റ്റാർട്ടപ്പ് രംഗത്തെ കൂടുതൽ കരുത്തുറ്റതാക്കി മാറ്റും.

കൊച്ചി ഇൻഫോപാർക്കിൽ വലിയ ഓഫീസുമായി ആഗോള ഐടി സർവീസ് പ്രൊവൈഡർ കമ്പനി അഡെസ്സോ പ്രവർത്തനം വിപുലീകരിച്ച സന്തോഷം നിങ്ങളുമായി പങ്കുവെക്കുകയാണ്. വരുന്ന മൂന്ന് വർഷത്തിനുള്ളിൽ 1000 പേർക്ക് കൂടി തൊഴിൽ നൽകുമെന്ന് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്. ലോകമാകെ അൻപതിലധികം കേന്ദ്രങ്ങളിലായി പതിനായിരത്തിലധികം പേർക്ക് തൊഴിൽ നൽകുന്ന ഈ ജർമ്മൻ കമ്പനി കൊച്ചിയിൽ ഒപ്പം കേരളം ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച ടാലന്റ് പൂൾ ആണെന്നും തെളിയിക്കുന്നു.

കൊച്ചിയിലെ അഡെസ്സോ ഓഫീസ് ഉദ്ഘാടനം ചെയ്യുന്നതിന് കമ്പനിയുടെ സി ഇ ഒ മാർക് ലോവെബെർ തന്നെ നേരിട്ടെത്തിയിരുന്നു. ഏറ്റവും മികച്ച ടാലന്റുകളെ തെരഞ്ഞെടുത്തുകൊണ്ട് ടെക് ലോകത്ത് കൊച്ചിയുടെ വളർച്ചയിൽ അഡെസ്സോ പ്രധാന പങ്ക് വഹിക്കുമെന്നാണ്




പ്രവർത്തനമാരംഭിച്ച് ഒരു വർഷത്തിനകമാണ് വിപുലീകരണം നടത്തിയത് എന്നത് ശ്രദ്ധേയമാണ്. 100 പേരുമായി പ്രവർത്തനം ആരംഭിച്ച് 2500 കടന്നു മുന്നോട്ടുപോകുന്ന ഐബിഎം, 35 പേരുമായി പ്രവർത്തനം ആരംഭിച്ച് 1400 കടന്നു മുന്നോട്ടുപോകുന്ന സ്ട്രാഡ ഗ്ലോബൽ തുടങ്ങി കേരളത്തിൽ പ്രവർത്തനമാരംഭിക്കുന്ന ബഹുരാഷ്ട്ര കമ്പനികളെല്ലാം ഇവിടെത്തന്നെ വലിയ ഓഫീസുകൾ തുറക്കുകയാണെന്നത് അഭിമാനകരമായ നേട്ടമാണ്. അദ്ദേഹം അഭിപ്രായപ്പെട്ടത്. കൊച്ചി ഓഫീസ് അഡെസ്സോയുടെ സുപ്രധാന കേന്ദ്രമായി മാറുമെന്ന കമ്പനി അധികൃതരുടെ വാക്കുകൾ കേരളത്തിലുള്ള വിശ്വാസം കൂടി വ്യക്തമാക്കുകയാണ്.

കേരളത്തിൽ ഒരു കമ്പനി ആരംഭിച്ചാൽ എന്ത് സംഭവിക്കും എന്ന ചോദ്യത്തിന് ഒരു വർഷം കൊണ്ട് അവരത് വിപുലീകരിക്കും എന്നാണ് ഇപ്പോൾ ഉത്തരം. ആ വിധത്തിൽ സമാനതകളില്ലാത്ത കുതിപ്പ് തുടരുകയാണ് നമ്മുടെ കേരളം.




ഇവിടെ ഒരു വർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന്, ഞങ്ങൾ തെളിയിച്ചുകാണിച്ചു. ഇവിടെ സ്വകാര്യവ്യവസായ പാർക്കുകൾക്കായി പദ്ധതി വരുമെന്ന് ഉറപ്പ് തന്നതനുസരിച്ച് 31 സ്വകാര്യ വ്യവസായ പാർക്കുകളുടെ നിർമ്മാണമാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ക്യാമ്പസുകളിൽ നിന്ന് സംരംഭകരുണ്ടാകുമെന്ന് പറഞ്ഞതനുസരിച്ച് അതിനായി ക്യാമ്പസ് ഇന്റസ്ട്രിയൽ പാർക്കുകളും ആരംഭിച്ചിരിക്കുന്നു.

വ്യവസായ ആവശ്യത്തിനുള്ള സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വ്യവസായ വികസനത്തിന് ഉപയോഗിക്കുന്നതിനുമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ പദ്ധതിയിലേക്ക് ഇതിനോടകം തന്നെ 80ലധികം കോളേജുകൾ സന്നദ്ധത പ്രകടിപ്പിച്ചുകഴിഞ്ഞു. വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്താനും, വ്യവസായ-അക്കാദമിക് ബന്ധം ശക്തിപ്പെടുത്തുന്നതിനും കാമ്പസ് വ്യവസായ പാർക്കുകൾ വഴിയൊരുക്കും. സംസ്ഥാനത്തിന്റെ വ്യവസായ മുന്നേറ്റത്തെ വൻ തോതിൽ ശക്തിപ്പെടുത്തുന്നതായിരിക്കും ഈ പദ്ധതി.

ചുരുങ്ങിയത് 5 ഏക്കർ ഭൂമി കൈവശമുള്ള സർവ്വകലാശാലകൾ, ആർട്ട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സാധിക്കും. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്ക് 2 ഏക്കർ മതിയാകും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തുന്ന സംവിധാനങ്ങൾക്കും അപേക്ഷിക്കാം. ഇതിനായി ഡെവലപ്പർ പെർമിറ്റിന് അപേക്ഷ നൽകണം. വ്യവസായ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ധനകാര്യ വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ വകുപ്പ്, ജലവിഭവവകുപ്പ്, ഊർജ്ജ പരിസ്ഥിതി വകുപ്പുകൾ എന്നിവയുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ ഉൾപ്പെട്ട സംസ്ഥാന തല സെലക്ഷൻ കമ്മിറ്റി അപേക്ഷകളിൽ തീരുമാനമെടുക്കും. ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ട സമിതിയുടെ സ്ഥല പരിശോധനക്കു ശേഷമാകും അപേക്ഷകളിൽ തീരുമാനമെടുക്കുക. വ്യാവസായി ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഭൂമിയാകുമെന്ന് ഉറപ്പുവരുത്തും.

അനുമതി ലഭിക്കുന്ന പാർക്കുകളിൽ റോഡുകൾ, വൈദ്യുതി, മാലിന്യ നിർമ്മാർജ്ജനം തുടങ്ങി പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിന് 1.5 കോടി രൂപ വരെ സർക്കാർ അനുവദിക്കും. സ്റ്റാന്റേഡ് ഡിസൈൻ ഫാക്ടറികൾക്കും ഈ തുക നൽകും. പാർക്കുകളിലെ ഉൽപാദന യൂണിറ്റുകൾക്ക് ഇൻസന്റീവും പരിഗണിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ എൻ.ഒ.സി ലഭിക്കുന്ന സ്ഥാപനങ്ങൾക്കാണ് കാമ്പസ് പാർക്കുകൾ ആരംഭിക്കാനാവുക. അനുമതി ലഭിക്കുന്ന പാർക്കുകൾക്ക് വ്യവസായ മേഖലാ പദവിക്കും അർഹതയുണ്ടാകും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമി പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഉറപ്പുവരുത്തിയതിനു ശേഷം ലഭിക്കുന്ന അധിക ഭൂമിയിൽ ആയിരിക്കും പാർക്കുകൾ ആരംഭിക്കുക പരിസ്ഥിതി സൗഹൃദമായ പാർക്കുകൾ ആയിരിക്കും ഇവ വിദ്യാർത്ഥികൾക്ക് അപ്രന്റിസ് അവസരവും ഇതിലൂടെ ലഭിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിഷയ സ്വഭാവത്തിന് അനുസൃതമായ പാർക്കുകൾ ആരംഭിക്കാൻ മുൻഗണന നൽകും.

കേരളത്തിൽ ഒരു സ്വകാര്യവ്യവസായ പാർക്ക് ആരംഭിക്കുന്നതിന് 10 ഏക്കർ ഭൂമിയാണ് വേണ്ടതെന്നിരിക്കെ 30 സ്വകാര്യ വ്യവസായ പാർക്കുകളിലൂടെ കേരളത്തിൽ 300 ഏക്കറോളം ഭൂമിയാണ് വ്യവസായഭൂമിയായി മാറിക്കൊണ്ടിരിക്കുന്നത്. ഇതിലൂടെ കേരളത്തിൽ ഒരു പുതു ചരിത്രം സൃഷ്ടിക്കപ്പെടുകയാണ്. ഒപ്പം കേരളത്തിൽ ശതകോടികളുടെ നിക്ഷേപം കൊണ്ടുവരുന്ന പദ്ധതി കൂടിയാണ് സ്വകാര്യ വ്യവസായ പാർക്കുകൾ.

സ്വകാര്യ വ്യവസായ പാർക്കുകൾ എന്ന സങ്കൽപം കേരളത്തിൽ ആദ്യമായി അവതരിപ്പിക്കുന്നതും നടപ്പിലാക്കുന്നതും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ഇത്തരമൊരു നയം ആവിഷ്കരിച്ചിരുന്നുവെങ്കിലും സാങ്കേതികമായ ചില പ്രശ്നങ്ങൾ കാരണം പാർക്കുകൾ ആരംഭിക്കാൻ സാധിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിലേറി ഒരു വർഷത്തിനുള്ളിൽ തന്നെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു എന്ന് മാത്രമല്ല പുതുതായി സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നവർക്ക് 3 കോടി രൂപ വരെ സാമ്പത്തിക സഹായവും ഉറപ്പ് നൽകി. ഒപ്പം സ്വകാര്യവ്യവസായ പാർക്കുകളിലെ സി.ഇ.ഒമാരെ വ്യവസായ പ്രദേശ ബോർഡുകളിലെ സ്ഥിരംക്ഷണിതാവാക്കി നിയമഭേദഗതി കൊണ്ടുവരികയും ചെയ്തു.




30 സ്വകാര്യ വ്യവസായ പാർക്കുകളുടെ നിർമ്മാണം ഇപ്പോൾ കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. ഇതിൽ അഞ്ചിലധികം സ്വകാര്യവ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. വളരെ പെട്ടെന്നുതന്നെ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാകുന്നത് ചെറുതും വലുതുമായ നിരവധി നിക്ഷേപങ്ങൾ ഈ പാർക്കുകളിലേക്ക് കടന്നുവരുന്നതിന് സഹായകമാകുകയാണ്. ഈ സർക്കാരിന്റെ കാലത്തു തന്നെ 14 ജില്ലകളിലും സ്വകാര്യവ്യവസായ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീം - 2022 പദ്ധതിക്ക് കീഴിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള അനുമതി ലഭ്യമായാൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർക്ക് സർക്കാർ സഹായം ലഭിക്കും. ഈ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനായി ഒരു ഏക്കറിന് 30 ലക്ഷം രൂപ എന്ന നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ അനുവദിച്ചു നൽകും. സ്വകാര്യ മേഖലയിലും വ്യവസായ പാർക്കുകൾ സ്ഥാപിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥക്ക് പുത്തൻ ഉണർവ്വ് നൽകുക എന്ന വാഗ്ദാനം കൂടിയാണ് ഈ പദ്ധതിയിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്.




അമേരിക്ക ആസ്ഥാനമായി ഓയിൽ ആന്റ് ഗ്യാസ് മേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ടെക്നോളജി ദാതാക്കളായ NOV Inc (നാഷണൽ ഓയിൽ വെൽ) കമ്പനി ഇന്ത്യയിലെ ആദ്യത്തെ ഗ്ലോബൽ ക്യാപ്പബിലിറ്റി സെന്റർ കേരളത്തിൽ ആരംഭിച്ച സന്തോഷം പങ്കുവെക്കുകയാണ്. 52 രാജ്യങ്ങളിലായി 32000ത്തിലധികം പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപനം ഇന്ത്യയിലും നിരവധി സ്ഥലങ്ങൾ പ്രഥമഘട്ടത്തിൽ പരിശോധിച്ചതിന് ശേഷമാണ് കേരളം തെരഞ്ഞെടുത്തത്. കൊച്ചി ഇൻഫോപാർക്കിലെ ലുലു സൈബർ ടവറിൽ ആരംഭിച്ചിട്ടുള്ള കേന്ദ്രത്തിൽ സോഫ്റ്റ്വെയർ എഞ്ചിനീയറിങ്ങ് സെന്റർ, കോർപ്പറേറ്റ് ഡിജിറ്റൽ സർവീസ്, കസ്റ്റമർ സപ്പോർട്ട് സെന്റർ എന്നീ സൗകര്യങ്ങൾ ലഭ്യമാകും. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ കേരളത്തിലേക്ക് കടന്നുവരുന്ന നാലാമത്തെ ആഗോള കമ്പനിയാണ് NOV Inc

ലോകത്തിന്റെ എല്ലാ കോണുകളിലും നാളെ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ഇവിടെ നിന്ന് ഉൽപാദിപ്പിക്കുന്നതാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു എന്നാണ് കമ്പനി അധികൃതർ ഉദ്ഘാടനവേളയിൽ പ്രഖ്യാപിച്ചത്. അവരെല്ലാവരും തന്നെ കേരളത്തിന്റെ മികച്ച ടാലന്റ് പൂളിനെ പ്രശംസിക്കുകയും ചെയ്തത് എന്തുകൊണ്ട് കേരളം നൂതന സാങ്കേതിക വിദ്യാ വ്യവസായങ്ങളെ ഇവിടേക്ക് ആകർഷിക്കുന്നു എന്നതിനുള്ള ഏറ്റവും അനുയോജ്യമായ തെളിവാണ്. ഒപ്പം മറ്റ് പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ ലഭ്യമായിട്ടുള്ള ശുദ്ധവായുവും ജലലഭ്യതയും വൈജ്ഞാനിക സമ്പദ്ഘടനാ വികസനവുമെല്ലാം കേരളത്തെ ഇന്റസ്ട്രിയൽ റെവല്യൂഷൻ 4.0 കമ്പനികളുടെ ശ്രദ്ധാകേന്ദ്രമായി മാറ്റുകയാണ്.

ഈ സർക്കാർ അധികാരമേറ്റ ആദ്യകാലങ്ങളിൽ സമൂഹമാധ്യമങ്ങളിലെ പോസ്റ്റുകളിലെല്ലാം കേരളത്തിലേക്ക് ആരും വരില്ലെന്നും ഈ നാട്ടിൽ വ്യവസായങ്ങൾ തുടങ്ങാൻ പറ്റില്ലെന്നുമൊക്കെ നിരവധി പ്രതികരണങ്ങൾ വരാറുണ്ടായിരുന്നു. എന്നാൽ പതിയെപ്പതിയെ ഇവയെല്ലാം അപ്രത്യക്ഷ മായിക്കൊണ്ടിരിക്കുകയാണ്. വളരെ പോസിറ്റീവായി മാറ്റങ്ങളെ സ്വീകരിക്കുന്ന ചെറുപ്പക്കാരുടെ പ്ര തികരണങ്ങളാണിപ്പോൾ കൂടുതലും. പലരും പുതിയ ആശയങ്ങൾ പങ്കുവെക്കുന്നു. സർക്കാർ ഒപ്പമുണ്ടാകുമെന്ന പ്രതീക്ഷ ഈ ചെറുപ്പക്കാരിൽ ഉടലെടുത്തിരിക്കുന്നു. വളരെപ്പെട്ടെന്നുതന്നെ കേരളം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ ഒന്നാം സ്ഥാനം നേടിയെടുത്തതും വലിയ കമ്പനികൾ കേരളത്തിലേക്ക് കടന്നുവരുന്നതും പുതിയ തലമുറയിൽ വലിയ പ്രതീക്ഷ സൃഷ്ടിച്ചിരിക്കുന്നു. വളരെ പോസിറ്റീവായ ഈയൊരു ഘട്ടത്തിലാണ് കേരളം ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കുന്നത്.

കേവലം 99 ദിവസങ്ങൾ മാത്രമേ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിനുള്ളൂ എങ്കിലും ഇതി നോടകം തന്നെ ഈ വലിയ പരിപാടിക്കായുള്ള മുന്നൊരുക്കം നമ്മൾ ആരംഭിച്ചിട്ടുണ്ട്. ചെന്നൈ, ബംഗളൂരു, ഹൈദരാബാദ്, മുംബൈ, ഡൽഹി എന്നീ പ്രധാന നഗരങ്ങളിൽ സംരംഭകരുമായി നടത്തുന്ന റോഡ് ഷോകൾ നടന്നുവരികയാണ്. ഇതിന് ശേഷം വിവിധ വിദേശ രാജ്യങ്ങളിലും കേരളം റോഡ് ഷോകൾ സംഘടിപ്പിക്കും. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായി രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജെൻ എ ഐ കോൺക്ലേവ്, കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക ്സ് റൗണ്ട് ടേബിൾ കോൺക്ലേവ്, മാരിടൈം ആന്റ് ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ, ഫുഡ് ടെക് കോൺക്ലേവ്, ഇന്റർനാഷണൽ ബയോടെക്നോളജി ആന്റ് ലൈഫ് സയൻസ് കോൺക്ലേവ്, വേസ്റ്റ് മാനേ ജ്മെന്റ് ആന്റ് റീസൈക്ലിങ്ങ് കോൺക്ലേവ് എന്നിവ നമ്മൾ പൂർത്തിയാക്കിയിട്ടുണ്ട്. 12 സെക്ടറൽ കോൺക്ലേവുകളിൽ അവശേഷിക്കുന്നവയും ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് മുൻപായി സംഘടിപ്പിക്കും. കേരളം ഇന്നേവരെ കാണാത്ത ചരിത്രസംഭവമായി ഈ ആഗോള നിക്ഷേപക സംഗമം മാറും. ദൈവത്തിന്റെ സ്വന്തം നാട് നൂതന വ്യവസായങ്ങളുടെയും സ്വന്തം നാടെന്ന് ഈ സർക്കാരിന്റെ കാലത്തുതന്നെ അറിയപ്പെടും


Tupetalz MKP ®
Tupetalz
Premium Chocolate and Compound
Unlock the power of chocolate
MKP CHOCOLATIERS, MUNNAR
Odackacity, Koompanpara
All types of Chocolaters & Materials
8921795936 - 8590325401
mkpchocolatiersmunnar@gmail.com
Read More
Pure Dark Chocolate
Dark Chocolate
Milk Chocolate
White Chocolate
Assorted Chocolate
Nuts Chocolate
Choco Chips
Rum & Rice Chocolate
Dark Compund
Milk Compound
White Compound

# DIC TVM NEWS

തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജില്ലയിലെ പ്രമുഖ പൊതുമേഖലാ ബാങ്കുകളുമായി ചേർന്ന് സംരംഭകർക്കായി 'MSME CONNECT' എന്ന പേരിൽ ശില്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി. നിരവധി ബാങ്കുകൾ ഒരുമിച്ച് പങ്കെടുക്കുന്ന പരമ്പരാഗത രീതിയിലുള്ള 'ലോൺ മേളകൾക്ക്' പകരം ഓരോ സംരംഭകനും പ്രത്യേക പരിഗണന ഉറപ്പാക്കത്തക്ക രീതിയിൽ, ഓരോ ബാങ്കുകളിലും താൽപര്യം പ്രകടിപ്പിച്ച സംരംഭകരെ ഫീൽഡ് തലത്തിൽ കണ്ടെത്തി, അതാത് ബാങ്കുകളുമായി സഹകരിച്ച് വെവ്വേറെ ശില്പശാലകളാണ് സംഘടിപ്പിച്ചത്. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബാങ്ക് ഉന്നതോദ്യോഗസ്ഥരുമായി തങ്ങളുടെ പദ്ധതി സംബന്ധിച്ച് സംവദിക്കാൻ സംരംഭകർക്ക് അവസരമൊരുക്കിയത് വേറിട്ട അനുഭവമായി മാറി.

## CBI- DIC MSME CONNECT

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ച് ഒക്ടോബർ നാലാം തീയതി ജില്ലാ വ്യവസായ കേന്ദ്രം ഡോക്യുമെന്റേഷൻ ഹാളിൽ വച്ച് ആദ്യമായി നടത്തിയ പരിപാടിയിൽ 118 സംരംഭകർ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. എ. എസ്. ഷിറാസ് അദ്ധ്യക്ഷത വഹിക്കുകയും സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ റീജിയണൽ ഹെഡ് ശ്രീ ഖഫീൽ അഹമ്മദ് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ലീഡ് ബാങ്ക് മാനേജർ ശ്രീ. ജയമോഹൻ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരായ ശ്രീമതി. സിമി ചന്ദ്രൻ വി. ആർ, ശ്രീ. ഷരത്ത് വി. എസ്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ചീഫ് മാനേജർ ശ്രീ. റാംലഗൻ, AIF സംസ്ഥാന കോ- ഓർഡിനേറ്റർ ശ്രീ. രഞ്ചിത്ത് എന്നിവർ പങ്കെടുത്തു. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെയും സ്കീമുകൾ, അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് എന്നിവ സംബന്ധിച്ച പ്രസന്റേഷനുകളും സംരംഭകരുമായുള്ള ഇന്ററാക്റ്റീവ് സെക്ഷനും ഉൾക്കൊള്ളിച്ചു.






# DIC- SBI- MSME CONNECT




സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി ചേർന്ന് 24. 10. 2024ന് തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ വച്ച് MSME CONNECT പരിപാടി സംഘടിപ്പിക്കുകയുണ്ടായി. MISSION-1000 ഫോക്കസ് ചെയ്തുകൊണ്ട് വൻകിട നിക്ഷേപകരെ ഉൾക്കൊള്ളിക്കാൻ ഫീൽഡ് തലത്തിൽ ശ്രദ്ധ ചെലുത്തിയ പരിപാടിയിൽ 74 സംരംഭകർ പങ്കെടുക്കുകയുണ്ടായി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. എ. എസ്. ഷിറാസ്, ശ്രീ. ലോകനാഥ്. ടി. കെ (ഡെപ്യൂട്ടി ജനറൽ മാനേജർ, SBI, LHO, Tvpm), ശ്രീ. അജിത് കുമാർ. ആർ. വി (റീജിയണൽ മാനേജർ, SBI), ശ്രീ പ്രദീപ്കുമാർ (കെ. എസ്. എസ്. ഐ. എ ജില്ലാ പ്രസിഡന്റ്), ശ്രീ. ഷരത്ത്. വി. എസ് (മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം), ശ്രീ. പ്രവീൺ രാജ്. റ്റി. ആർ( എ. ഡി.ഐ . ഒ, ജില്ലാ വ്യവസായ കേന്ദ്രം, തിരുവനന്തപുരം) AIF പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

**Best Bakers**

**Food Products**

Chemalamattom P. O, Cherani, Kottayam (Dt)
Panchayath : Thidanadu Ward :XI Pin :686508
Pro:- Joshy Jacob Mob No :9447227760






# DIC- PNB- MSME CONNECT

പഞ്ചാബ് നാഷണൽ ബാങ്കുമായി ചേർന്ന് ഒക്ടോബർ മാസം ഇരുപത്തിയഞ്ചാം തീയതി ജില്ലാ വ്യവസായ കേന്ദ്രം ഡോക്യുമെന്റേഷൻ ഹാളിൽ MSME CONNECT പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. എ. എസ്. ഷിറാസ്, പഞ്ചാബ് നാഷണൽ ബാങ്ക് ചീഫ് മാനേജർ ശ്രീ. ആശിഷ്, കെ. എസ്. എസ്. ഐ. എ ജില്ലാ പ്രസിഡന്റ് ശ്രീ. പ്രദീപ് കുമാർ, ജില്ലാ വ്യവസായ കേന്ദ്രത്തിലെയും പഞ്ചാബ് നാഷണൽ ബാങ്കിലെയും ഉന്നത ഉദ്യോഗസ്ഥർ, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ഓരോ ബാങ്കുകൾക്കും ആ ബാങ്കുമായി ഇടപാട് നടത്താൻ ഉദ്ദേശിക്കുന്ന സംരംഭകരുമായി ആശയവിനിമയം നടത്തുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചതിനെ ബാങ്ക് പ്രതിനിധികളും സംരംഭകരും ഒരുപോലെ പ്രശംസിച്ചു. ഇവയുടെ തുടർച്ചയായി ബാങ്ക് പ്രതിനിധികളെയും, ജില്ലാ വ്യവസായ കേന്ദ്രം പ്രതിനിധികളെയും സംരംഭകരെയും ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുകയും സംരംഭകരുടെ സംശയങ്ങൾ നിവാരണം ചെയ്യുന്നതിനും പരാതി പരിഹാരത്തിനും ഒരു സ്ഥിരം സംവിധാനമായി ഈ ഗ്രൂപ്പുകൾ പ്രവർത്തിക്കുമെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഉറപ്പു നൽകുന്നു. 'MSME CONNECT' പരിപാടികളുടെ വിജയത്തെ തുടർന്ന് കൂടുതൽ ബാങ്കുകളുമായി ചേർന്ന് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ അണിയറയിൽ നടന്നുവരുന്നു.



# വാർത്ത





2024 – 25 സംരംഭക വർഷം 3.0 –ന്റെ ഭാഗമായി മലപ്പുറം ജില്ലാ വ്യവസായി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വിവിധ താലൂക്ക് വ്യവസായ ഓഫീസുകളുടെയും അതാത് ബ്ലോക്ക് പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ 2024 സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലെ പരിപാടി പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ 03.09.2024 ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വക്കേറ്റ് എ. കെ. മുസ്തഫ ഉദ്ഘാടനം ചെയ്തു. ഉപജില്ലാ വ്യവസായ ഓഫീസർ സുനിൽ എ അധ്യക്ഷത വഹിച്ച പരിപാടിയിൽ 200–ലേറെ പേർ പങ്കെടുക്കുകയും 64 പേർ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുന്നോട്ട് വരികയും ചെയ്തു. മേലാറ്റൂർ പഞ്ചായത്തിലെ മലബാർ ഫുഡ് എന്ന സംരംഭത്തിന്റെ സ്ഥാപകൻ ശ്രീ പ്രവീൺ എ ബി തന്റെ അനുഭവം പങ്കുവെച്ചു.

മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 07.09.2024 ശനിയാഴ്ച രാമപുരം ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് നടന്ന പരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അബ്ദുൽ കരീം ഉദ്ഘാടനം ചെയ്തു. ഈ പരിപാടിയിൽ 54 പേർ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ട് വന്നു.

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലെയും മങ്കട ബ്ലോക്ക് പഞ്ചായത്തിലെയും പരിപാടികളിൽ സംരംഭകത്വത്തിന്റെ പ്രസക്തി, സാധ്യത സംരംഭങ്ങൾ, ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപടിക്രമങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ച് ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ സുനിലും, സർക്കാർ പദ്ധതികൾ, സേവനങ്ങൾ, ലൈസൻസുകൾ, അനുമതികൾ എന്ന വിഷയത്തെക്കുറിച്ച് പെരിന്തൽമണ്ണ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ശ്രീ ശിഹാബുൽ അക്ബർ സി റ്റി യും, സംരംഭം രജിസ്ട്രേഷൻ, ജി എസ് ടി, ഇൻകം ടാക്സ് എന്ന വിഷയത്തെക്കുറിച്ച് അക്കൗണ്ടന്റുമാരായ ശ്രീ ആൽബിൻ ബാബു, മുഹമ്മദ് റിസ്വാൻ എന്നിവരും ക്ലാസ്സുകൾ എടുത്തു.

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ 2024 ഒക്ടോബർ 9 ബുധനാഴ്ച നടന്ന സംരംഭകത്വ ബോധവൽക്കരണ ശില്പശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി ഇ സിന്ധു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഡ്വ. ശ്രീമതി. സൗദാമിനിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 87 ആളുകൾ പങ്കെടുത്തു. പൊന്നാനി താലൂക്ക് വ്യവസായ ഓഫീസർ ശ്രീ റഷീദ് എൻ, സർക്കാർ പദ്ധതികൾ, വായ്പ, ലൈസൻസ് നടപടികൾ എന്നിവയെ കുറിച്ചും, തിരൂർ പിന്നോക്ക വികസന കോർപ്പറേഷൻ മാനേജർ ശ്രീ ബാബു ടി, അസിസ്റ്റൻറ് ലേബർ ഓഫീസർ പൊന്നാനി ശ്രീനി എം എസ് എന്നിവർ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചും ക്ലാസുകൾ എടുത്തു.



പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ 2024 സെപ്റ്റംബർ 11 ബുധനാഴ്ച 70 ആളുകൾ പങ്കെടുത്ത പരിപാടി പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുകയും പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ ശ്രീമതി ഗായത്രി ആർ അധ്യക്ഷത വഹിക്കുകയും ചെയ്തു. ജനപങ്കാളിത്തം കൊണ്ടും, സംരംഭക പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായ സംരംഭകത്വ ബോധവൽക്കരണ ശിൽപശാലകൾ സംരംഭക വർഷം 3.0 യുടെ കുതിപ്പിന്റെ ദിശാസൂചികയായി കണക്കാക്കാവുന്നതാണ്.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ചെറുകിട, വ്യവസായ ഉൽപന്ന പ്രദർശന വിപണന മേള നവംബർ 29 മുതൽ ഡിസംബർ 3 വരെ പുത്തരിക്കണ്ടം മൈതാനത്ത് സംഘടിപ്പിച്ചു. കഴിഞ്ഞ ഏതാനും വർഷങ്ങളായുള്ള വികസന കുതിപ്പിന്റെ ഭാഗമായി കഴിഞ്ഞ 3 വർഷമായി സംരംഭക വർഷം വ്യവസായ വാണിജ്യ വകുപ്പ് ആചരിക്കുകയായിരുന്നു. അത്തരത്തിൽ കേരളത്തിൽ 3 ലക്ഷത്തോളം പുതിയ സംരംഭങ്ങൾ ഉൽപാദന സേവന വ്യാപാര മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിന്റെ ഭാഗമായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വെച്ച് ഒന്നാം സ്ഥാനത്തെത്തിയിരിക്കുകയാണ് കേരളം. ഇത്തരത്തിൽ കേരള സംസ്ഥാനത്തിന്റെ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നമ്മുടെ നിത്യോപയോഗ ജീവിതത്തിൽ ഏറ്റവും ഉപയോഗപ്രദമായ എല്ലാത്തരം യൂണിറ്റുകളുടെയും പ്രദർശന വിപണന മേള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പുത്തരിക്കണ്ടത്ത് ഒരുക്കി. നവീന ആശയങ്ങളുമായി സംരംഭക രംഗത്തേക്ക് കടന്നു വരുന്നവർക്ക് അവരുടെ ആശയങ്ങൾ പങ്കു വെക്കുന്നതിനും, ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സഹായിക്കുക എന്നതാണ് ഈ മേളയിലൂടെ ലക്ഷ്യമിട്ടത്.

ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യം സർക്കാർ പൂർത്തീകരിച്ചപ്പോൾ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചത് തിരുവനന്തപുരം ജില്ലയിലാണ്. ഈ സാഹചര്യത്തിൽ ജില്ലയിലെ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിച്ചിരിക്കുന്ന അനന്തപുരി ഒടങ്ങളു ഉത്സവ് 2024 ന്റെ ഉദ്ഘാടനം നവംബർ 29 ന് വൈകുന്നേരം 3 മണിക്ക് ബഹു. തിരുവനന്തപുരം എം. എൽ. എ ശ്രീ. ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ ബഹു. നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. തദവസരത്തിൽ കെ. എസ്. എസ്. ഐ. എ പ്രസിഡന്റ് ശ്രീ. പ്രദീപ് കുമാർ, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കുമാരി. സിമി ചന്ദ്രൻ. വി. ആർ എന്നിവർ ആശംസകൾ അറിയിച്ചു. മെ. കോക്കോനെന്റിന്റെ പ്രൊപ്രൈറ്ററായ ശ്രീമതി. പ്രീജ തന്റെ വിജയാനുഭവം പങ്കുവച്ചു.

സംരംഭക വർഷത്തിൽ ജില്ലയിൽ ആരംഭിച്ച പുതു സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കും മാർക്കറ്റിംഗിനും വേണ്ടിയാണ് ഈ മേള പ്രധാനമായും ഉദ്ദേശിക്കുന്നത്. മേളയിൽ തിരുവനന്തപുരം ജില്ലയിലെ 6 താലൂക്കുകളിൽ നിന്നായി വിവിധ മേഖലകളിലെ 50 സംരംഭങ്ങളാണ് പങ്കെടുത്തത്. വിവിധതരം ഭക്ഷ്യോൽപന്നങ്ങൾ, പേപ്പർ ഉൽപന്നങ്ങൾ, പ്രകൃതിദത്ത സൗന്ദര്യ വർദ്ധക ഉൽപന്നങ്ങൾ, ബൂട്ട് ഉൽപന്നങ്ങൾ, ആയുർവേദ ഉൽപന്നങ്ങൾ, കരകൗശല ഉൽപന്നങ്ങൾ, തുടങ്ങിയ വ്യത്യസ്ത മേഖലയിൽ നിന്നുള്ള ഗുണമേന്മയുള്ള ഉൽപന്നങ്ങൾ പ്രദർശനവും വിപണനവും ഒരുക്കിയിരുന്നു.

ZION
PRECISION WORKS

CNC Machining | 3D Printing

THOMAS MATHEW
Proprietor

Chingavanam P.O, Kottayam

+91 9447730667

admin@zionprecisionworks.com

ISO 9001:2015 | THE HOME DEPOT | Sedex | COSTCO WHOLESALE

Its time to
choose the
BEST QUALITY
from the best
manufacturer




www.aramats.com



aramats
A Product from
arackathara
RECLAMATIONS

**Arackathara Reclamations** is a professionally managed manufacturer & exporter of rubber & coir products based in kerala, India. Established in 1973. This company under Arackathara group has more than five decades of experience in this industry. We are specialized in the production of industrial rubber mats, rubber polypropylene mats, rubberized coir mats, recycled rubber mats and all types of door mats. The group expanded its product range to include rubber moulded mats, handloom mats, jute mats, rugs, carpets to fulfil the rising demand of organic flooring solution.

**Call: +91 98470 41212 | +91 94477 13412**
Kurichy P. O., Kottayam 686 532, Kerala, India
Tel: +91 481 2322212, email: info@aramats.com

RNI NO.KERBIL/29441/1977 Registered No.KL/TV(N)/183/2024-26
Licence No.KL/TV(N)/WPP/182/2024-26 Licensed to post without pre-payment
Volume 57 Issue 2
November 2024

**Vyavasaya Keralam**
MONTHLY

₹ 30
Date of publication-
16th November 2024

# വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
**വ്യവസായ കേരളം**

**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 6238302158
Email: vyavasayakeralam@gmail.com

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
**വ്യവസായ കേരളം**
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

Printed and published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
and printed atAkshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174. and published at Thiruvananthapuram
Editor : Biju P.B.